LAITY VOICE
ക്രൈസ്തവ ജനതയുടെ മുഖപത്രം
2017 DECEMBER Volume: 8 No: 6

# വിശുദ്ധ കുർബാന പ്രദർശനമല്ല

## ദിവ്യബലിക്കിടെ മൊബൈലിൽ ചിത്രങ്ങൾ എടുക്കുന്നതിനെതിരെ മാർപാപ്പ



ദിവ്യബലിക്കിടെ മൊബൈൽ ഫോണിൽ ചിത്രങ്ങളും സെൽഫിയുമെടുക്കുന്ന വിശ്വാസികൾക്ക് ഫ്രാൻസീസ് പാപ്പായുടെ നിശിത വിമർശനം. ദിവ്യബലിക്കിടെ വിശ്വാസികൾ മൊബൈൽ ഫോണിൽ ഫോട്ടോയെടുക്കുന്നതുകാണുമ്പോൾ തനിക്ക് ദുഃഖം തോന്നാറുണ്ടെന്ന് പാപ്പാ പറഞ്ഞു. മാർപാപ്പായുടെ ആഴ്ചതോറുമുള്ള പൊതുഅഭിസംബോധനയുടെ ഭാഗമായി കഴിഞ്ഞ ദിവസമാണ് പാപ്പാ ഇക്കാര്യം പങ്കുവച്ചത്. നിർഭാഗ്യവശാൽ ചില ബിഷപ്പുമാരും വൈദികരും ഇത്തരം പ്രവർത്തികൾ ചെയ്യുന്നുണ്ടെന്നും പാപ്പാ കൂട്ടിച്ചേർത്തു.

തിരുക്കർമ്മങ്ങൾക്കിടെ നിങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിങ്കലേയ്ക്ക് ഉയർത്തുക എന്നു കാർമ്മികൻ പറയുന്ന സന്ദർഭമുണ്ട്. അല്ലാതെ മൊബൈൽ ഫോൺ ഉയർത്തി ഫോട്ടോ എടുക്കാനല്ല വൈദികൻ പറയുന്നത്. വിശുദ്ധ കുർബാന വെറുമൊരു പ്രദർശനമല്ല. വിശുദ്ധ കുർബാനയ്ക്കിടയിൽ യേശു സന്നിഹിതനാണെന്ന കാര്യം മനസ്സിലാക്കാത്തതുകൊണ്ടാണ് കുർബാനയ്ക്കിടയിൽ വിരസത തോന്നുകയും ഇത്തരം പ്രവർത്തികൾ ചെയ്യുന്നതെന്നും പാപ്പാ പറഞ്ഞു. വിശുദ്ധ കുർബാനയുടെ ശരിയായ അർത്ഥം വിശ്വാസികൾക്ക് മനസ്സിലാക്കികൊടുക്കുവാനായി ദിവ്യബലിയെക്കുറിച്ചുള്ള ഒരു പുതിയ പ്രബോധന പരമ്പരയ്ക്ക് ആരംഭം കുറിക്കുകയാണെന്ന കാര്യവും പാപ്പ തന്റെ സന്ദേശത്തിൽ അറിയിച്ചു.

2015ൽ ഫ്രാൻസീസ് പാപ്പായുടെ ഫിലിപ്പീൻസ് സന്ദർശനത്തിനിടയ്ക്ക് വിശുദ്ധ കുർബാനയ്ക്കിടയിൽ മൊബൈലിൽ ഫോട്ടോ പകർത്തിയതിനു ഫിലിപ്പീൻസിലെ പുരോഹിതർ പാപ്പയുടെ വിമർശനത്തിനു പാത്രമായിരുന്നു. ന്യൂയോർക്കിലെ മാഡിസ സ്ക്വയർ ഗാർഡനിലും, ഫിലാഡൽഫിയായിലും പാപ്പായുടെ കുർബാനയ്ക്കിടെ ഇത്തരം സംഭവങ്ങൾ ആവർത്തിച്ചിരുന്നു. കൂദാശമദ്ധ്യേ ഫോണുകളും ടാബ്ലെറ്റുകളും ഉപയോഗിക്കുന്നതിന് എതിരെ വത്തിക്കാൻ ആരാധനാസമിതിയുടെ തലവനായ കർദ്ദിനാൾ റോബർട്ട് സാറയും നേരത്തെ രംഗത്തെത്തിയിരുന്നു.

**ക്രിസ്മസ് നവവത്സരാശംസകൾ**

# ആസിയാനിൽ തകർന്നടിഞ്ഞ കാൽനൂറ്റാണ്ട്




വൻ വിദേശനിക്ഷേപങ്ങൾക്കായി ആസിയാൻ രാജ്യങ്ങൾക്കും പങ്കാളിത്ത രാഷ്ട്രങ്ങൾക്കും വൻകിട കോർപ്പറേറ്റുകൾക്കും ഇന്ത്യയുടെ വാതിൽ തുറന്നുകൊടുത്ത് അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നേഷൻസ് അഥവാ ആസിയാന്റെ 31–ാമത് ഉച്ചകോടി സുവർണ്ണജൂബിലി വർഷത്തിൽ ഫിലിപ്പൈൻസിലെ മനിലയിൽ സമാപിച്ചു. **ലോകത്തിലെ പ്രമുഖ രാഷ്ട്രത്തലവന്മാർ ഒരുമിച്ചുചേർന്ന് തെക്കുകിഴക്കൻ മേഖലയിലെ സമാധാനശ്രമങ്ങളും വികസനസാധ്യതകളും പങ്കുവച്ചതിനോടൊപ്പം ഭീകരവാദം, ആഗോളസാമ്പത്തിക വളർച്ചാ കരാറുകൾ, വിദേശനിക്ഷേപ പ്രോത്സാഹനം, സ്ത്രീ ശാക്തീകരണ പദ്ധതികൾ, കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ദാരിദ്ര്യം എന്നീ വിഷയങ്ങളിൽ പ്രഖ്യാപനങ്ങളും വ്യാപാര നിക്ഷേപ സേവനമേഖലകളിൽ ആസിയാൻ കമ്യൂണിറ്റി വിഷൻ 2025 മുദ്രാവാക്യവുമായി പുത്തൻസമീപനവും ഉച്ചകോടി സ്വീകരിച്ചു.** ഡിസംബർ 10–13 വരെ അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽ ചേരുന്ന ലോകവ്യാപാരസംഘടനയുടെ മന്ത്രിതലസമ്മേളനത്തിന്റെ മുന്നൊരുക്കമായി ആസിയാൻ ഉച്ചകോടി മാറി.

1967 ഓഗസ്റ്റ് 8ന് തായ്‌ലന്റിന്റെ തലസ്ഥാനമായ ബാങ്കോക്കിൽ ഇന്തോനേഷ്യ, മലേഷ്യ, ഫിലിപ്പൈൻസ്, തായ്‌ലാൻഡ്, സിംഗപ്പൂർ എന്നീ അഞ്ചു രാജ്യങ്ങൾ ചേർന്ന് തുടക്കംകുറിച്ച ആസിയാൻ പിന്നീട് ബ്രൂണെ, കംബോഡിയ, ലാവോസ്, മ്യാന്മർ, വിയറ്റ്നാം എന്നീ രാജ്യങ്ങളുടെ സജീവപങ്കാളിത്തത്തിൽ 10 രാജ്യങ്ങളുടെ കൂട്ടായ്മയായി ശക്തിപ്രാപിച്ചു. ഏഷ്യയിൽ മൂന്നാം സ്ഥാനവും ലോകത്തിൽ ഏഴാം സ്ഥാനവുമുള്ള സാമ്പത്തിക കൂട്ടായ്മയാണിത്. ആസിയാൻ കൂട്ടായ്മയിൽ അംഗങ്ങളല്ലെങ്കിലും ഓസ്ട്രേലിയ, കാനഡ, ചൈന, യൂറോപ്യൻ കൗൺസിൽ, ജപ്പാൻ, ഇൻഡ്യ, ന്യൂസിലാന്റ്, റഷ്യ, സൗത്ത് കൊറിയ, യുണൈറ്റഡ് സ്റ്റേറ്റ്സ്, യുണൈറ്റഡ് നേഷൻസ് എന്നിവർ ചർച്ചാ പങ്കാളികളു(സ്ട്രക്ച്ചറൽ ഡയലോഗ് പാർട്ണേഴ്സ്)മാണ്. കൂടാതെ ആസിയാൻ രാജ്യങ്ങളുമായി ഈ പങ്കാളികളിൽ ഇന്ത്യയുൾപ്പെടെ പലർക്കും സ്വതന്ത്ര വ്യാപാരക്കരാറുമുണ്ട്.

നവംബർ 11 മുതൽ 14 വരെ നടന്ന ആസിയാൻ ഉച്ചകോടിയിലും ഇന്ത്യ ആസിയാൻ പതിനഞ്ചാം ഉച്ചകോടിയിലും കിഴക്കൻ എഷ്യയുടെ പന്ത്രണ്ടാം ഉച്ചകോടിയിലും പ്രധാനമന്ത്രി നരേന്ദ്ര മോഡി വിവിധ രാഷ്ട്രത്തലവന്മാരുമായി ഉഭയകക്ഷി ചർച്ചകളും നടത്തി. അമേരിക്കയുമായി നടന്ന ചർച്ചാവേളയിൽ മോദിയെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് "ഗ്രേറ്റ് ജന്റിൽമാൻ" എന്നാണ് വിശേഷിപ്പിച്ചത്. പ്രതിരോധ വ്യാപാരമേഖലയിൽ കൂടുതൽ പങ്കാളിത്തമാണ് അമേരിക്കയുമായി ഇന്ത്യ ആശയവിനിമയം നടത്തിയത്. തെക്കുകിഴക്കൻ ഏഷ്യൻരാജ്യങ്ങളിലെ വ്യവസായ പ്രമുഖരുമായുള്ള പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച ഇന്ത്യയിലേയ്ക്കുള്ള വിദേശനിക്ഷേപസാധ്യതകൾക്ക് വഴിതേടി. ഇന്ത്യയുടെ ആക്ട് ഈസ്റ്റ് പോളിസിയുടെ ഭാഗമയി രാജ്യത്ത് നിക്ഷേപമിറക്കുവാൻ പ്രധാനമന്ത്രി അംഗരാജ്യങ്ങളെ ക്ഷണിക്കുകയും ചെയ്തു. ഇന്ത്യ പസഫിക് റീജണിലെ സുരക്ഷിതത്വം ഉച്ചകോടിയിലെ മുഖ്യവിഷയങ്ങളിലൊന്നായിരുന്നു.

## ആസിയാൻ–ഇന്ത്യ കൂട്ടുകെട്ടിന്റെ ഇന്നലകൾ

വി.പി.സിംഗും ചന്ദ്രശേഖറും ഇന്ത്യൻ പ്രധാനമന്ത്രിമാരായിരുന്ന 1990–91 കാലഘട്ടത്തിലാണ് കിഴക്കോട്ട് നോക്കിയുള്ള നയ(ലുക് ഈസ്റ്റ് പോളിസി)ത്തെക്കുറിച്ച് കേന്ദ്രസർക്കാർ ചർച്ചയാരംഭിച്ചത്. 1991 ജൂൺ 21ന് പി.വി.നരസിംഹറാവു പ്രധാനമന്ത്രിയായതിനുശേഷം ഈ നയത്തിന്റെ തുടർച്ചയായി നടപടിക്രമങ്ങളിലേയ്ക്കു കടന്ന് 1992ൽ ഇന്ത്യ ആസിയാനുമായി സ്ട്രക്ചറൽ

ASEAN 50
2017

ഡയലോഗ് പാർട്ണറായി. 1996ൽ ഇന്ത്യ മുഴുവൻസമയ മേഖല ചർച്ചാ പങ്കാളിയായി. **2002ൽ എ.ബി.വാജ്പേയ് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരിക്കുമ്പോൾ കംബോഡിയായിൽവച്ച് ഇന്ത്യ–ആസിയാൻ പ്രഥമ ഉച്ചകോടി നടന്നു. 2003 ഒക്ടോബർ 8ന് ഇന്തോനേഷ്യയിലെ ബാലിയിൽ നടന്ന രണ്ടാം ഉച്ചകോടിയിൽ സംയോജിത സാമ്പത്തിക സഹകരണത്തിനുള്ള ആസിയാൻ ഇന്ത്യാ ചട്ടക്കൂട് വാജ്പേയ് ഒപ്പുവെച്ചു. ഇതിന്റെ തുടർച്ചയായി 2004 ജനുവരി 1 മുതൽ ഇന്ത്യയും ആസിയാൻ രാജ്യങ്ങളുമായി സമാധാനം, സമഗ്രവളർച്ച, സാമ്പത്തിക സഹകരണം എന്നീ തലങ്ങളിൽ പരസ്പരം സഹകരിച്ച് വിവിധ പദ്ധതികളിന്മേലുള്ള അന്തിമകരാറിന്റെ ഒരുക്കമായി തുടർചർച്ചകൾക്ക് ആരംഭം കുറിച്ചു.** 1948–ലെ ഗാട്ട് കരാറിനും 1994–ലെ ലോകവ്യാപാരസംഘടനയിൽ അംഗത്വത്തിനും 1995 ജനുവരി 1 മുതൽ ആരംഭിച്ച ഡബ്ല്യ

യു.ടി.ഒ. നടപടിക്രമങ്ങൾക്കുംശേഷം ഇന്ത്യ ഏർപ്പെട്ട രാജ്യാന്തര കരാറാണ് ആസിയാൻ സ്വതന്ത്ര വ്യാപാരക്കരാർ. സാമ്പത്തിക ഉദാരവൽക്കരണവും ആഗോളവിപണിയിലേയ്ക്കുള്ള ഇന്ത്യയുടെ എടുത്തുചാട്ടവും ആഭ്യന്തര കമ്പോളം ലോകവ്യാപാരത്തിനായി തുറന്നുകൊടുത്തതുമാണ് ആസിയാൻ വ്യാപാരക്കരാറിന്റെ തുടക്കം. ഏഷ്യാഭൂഖണ്ഡത്തിലെ തെക്കുകിഴക്കൻ രാജ്യങ്ങൾ കീഴടക്കിയുള്ള വ്യാപാരക്കുതിപ്പാണ് ഇന്ത്യ ലക്ഷ്യമിട്ടത്. ആസിയാൻ കരാറുകളുടെ വിവിധ ഘട്ടങ്ങളും വർഷങ്ങളും പിന്നിട്ട് 2017-ൽ നാം എത്തിച്ചേർന്നിരിക്കുമ്പോൾ ഈ സ്വതന്ത്രവ്യാപാരത്തിലൂടെ നാം എന്തുനേടിയെന്ന് വിലയിരുത്തപ്പെടണം. കരാറിന്റെ പ്രത്യാഘാതങ്ങളായി നമ്മുടെ കാർഷിക സമ്പദ്ഘടനയിൽ വരും നാളുകളിൽ വരാൻപോകുന്ന മാറ്റങ്ങളെക്കുറിച്ച് അന്വേഷിച്ചറിയണം. **1990-കളിൽ ആരംഭിച്ച ഇന്ത്യയുടെ ലുക്ക് ഈസ്റ്റ് പോളിസി ശക്തിയാർജിച്ച് 2014 നവംബറിൽ മ്യാൻമറിൽ ചേർന്ന പന്ത്രണ്ടാം ഇന്ത്യ ആസിയാൻ ഉച്ചകോടിയിൽ ആക്ട് ഈസ്റ്റ് പോളിസിയായി പ്രധാനമന്ത്രി നരേന്ദ്രമോഡി പ്രഖ്യാപിച്ചപ്പോൾ സ്വതന്ത്രവ്യാപാരത്തിനുപുറമെ നിക്ഷേപത്തിനും സേവനമേഖലകൾക്കുമായി ഇന്ത്യയിൽ ആസിയാന് അവസരമൊരുക്കി.**

> **ആസിയാൻ രാജ്യങ്ങളുമായി പ്രധാനമായും മൂന്ന് കരാറുകളിലാണ് ഇന്ത്യ ഇതിനോടകം ഒപ്പുവെച്ചിരിക്കുന്നത്. 1) 2009 ഓഗസ്റ്റ് 13ന് ബാങ്കോക്കിൽവെച്ച് യുപിഎ സർക്കാർ ഒപ്പിട്ട് 2010 ജനുവരി 1 മുതൽ നടപ്പിലാക്കിയിരിക്കുന്ന ചരക്കുഗതാഗത നിയന്ത്രണങ്ങൾ എടുത്തുകളയുന്ന വ്യാപാരക്കരാർ. 2) 2014 നവംബർ 12ന് മ്യാൻമറിൽ കേന്ദ്രവാണിജ്യ മന്ത്രി നിർമ്മല സീതാരാമൻ ഒപ്പിട്ട നിക്ഷേപ കരാർ. 3) 2014 നവംബർ 13ന് മ്യാന്മറിൽവെച്ചുതന്നെ ഒപ്പിട്ട സേവനക്കരാർ.**

ആസിയാൻ രാജ്യങ്ങളുമായി പ്രധാനമായും മൂന്ന് കരാറുകളിലാണ് ഇന്ത്യ ഇതിനോടകം ഒപ്പുവെച്ചിരിക്കുന്നത്. 1) 2009 ഓഗസ്റ്റ് 13ന് ബാങ്കോക്കിൽവെച്ച് യുപിഎ സർക്കാർ ഒപ്പിട്ട് 2010 ജനുവരി 1 മുതൽ നടപ്പിലാക്കിയിരിക്കുന്ന ചരക്കുഗതാഗത നിയന്ത്രണങ്ങൾ എടുത്തുകളയുന്ന വ്യാപാരക്കരാർ. 2) 2014 നവംബർ 12ന് മ്യാൻമറിൽ കേന്ദ്രവാണിജ്യ മന്ത്രി നിർമ്മല സീതാരാമൻ ഒപ്പിട്ട നിക്ഷേപ കരാർ. 3) 2014 നവംബർ 13ന് മ്യാന്മറിൽവെച്ചുതന്നെ ഒപ്പിട്ട സേവനക്കരാർ. ചരക്കുകളുടെ കയറ്റുമതിയും ഇറക്കുമതിയും സേവനമേഖലകളും നിക്ഷേപങ്ങളും ആസിയാൻ രാജ്യങ്ങളിലും ഇന്ത്യയിലും നടപ്പിലാക്കേണ്ട നിബന്ധനകൾ ഈ മൂന്ന് കരാറുകളിലൂടെ വ്യക്തമാക്കുന്നു.

**കിഴക്കിനെ നോക്കിയുള്ള ഇന്ത്യയുടെ വ്യാപാരമുന്നേറ്റം ഈ മണ്ണിനെ തേനും പാലുമൊഴുകുന്ന പറുദീസയാക്കുമെന്ന് ഇന്നലകളിൽ വിളിച്ചുപറഞ്ഞവരിന്നെവിടെ? ആസിയാൻ രാജ്യങ്ങളിലൂടെ ഇന്ത്യയുടെ കാർഷികോല്പന്നങ്ങൾ ലോകവിപണി കീഴടക്കുമ്പോൾ രാജ്യത്തെ കർഷകർ വൻ സാമ്പത്തിക വളർച്ച നേടുമെന്നും പുത്തൻ വ്യാപാരമേച്ചിൽപ്പുറങ്ങളിലൂടെയുണ്ടാകുന്ന വൻ നേട്ടങ്ങൾക്കുവേണ്ടിയാണ് ആസിയാൻ കരാറെന്ന് പറഞ്ഞുപഠിപ്പിച്ചവരിപ്പോൾ മൗനവ്രതത്തിലോ?** പതിറ്റാണ്ടുകൾക്കുമുമ്പ് ഇന്ത്യയിലെ കർഷക പ്രസ്ഥാനങ്ങൾ, ആസിയാൻ വ്യാപാരകൂട്ടായ്മ കാർഷികമേഖലയ്ക്ക് ആഘാതമാകുന്നുവെന്നും നമ്മൾ അപകടം ക്ഷണിച്ചുവരുത്തരുതെന്നും പറഞ്ഞപ്പോൾ കർഷകനേതാക്കൾ നുണപ്രചരണം നടത്തുകയാണെന്ന് ആക്ഷേപിച്ചവർ മാളങ്ങളിലൊളിച്ചോ? കർഷക ജനകീയ എതിർപ്പുകളെ അവഗണിച്ചുകൊണ്ട് മാറിമാറി കേന്ദ്രം ഭരിച്ച സർക്കാരുകൾ ഏർപ്പെട്ട ആസിയാൻ കരാറിന്റെ ബാക്കിപത്രം വൻ കാർഷികത്തകർച്ചയായി കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ നമ്മുടെ മുമ്പിലിപ്പോൾ രൂപപ്പെടുകയാണ്.

## ഇന്ത്യ ആസിയാൻ സ്വതന്ത്രവ്യാപാരക്കരാർ

നികുതിരഹിത ഇറക്കുമതിയാണ് ഇന്ത്യ ആസിയാൻ സ്വതന്ത്രവ്യാപാരക്കരാറിന്റെ ആദ്യന്തികലക്ഷ്യം. വിവിധ ഉല്പന്നങ്ങളുടെ നിലവിലുള്ള ഇറക്കുമതി നികുതികൾ വെട്ടിച്ചുരുക്കി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നികുതിരഹിതമാക്കപ്പെടും. ഇതോടെ രാജ്യങ്ങൾ തമ്മിൽ അതിർത്തികൾ ഭേദിച്ചുകൊണ്ട് ഒറ്റക്കമ്പോളവും രൂപപ്പെടും.

**ഇന്ത്യയും ആസിയാൻ രാജ്യങ്ങളുമായി ഒപ്പുവെച്ച സ്വതന്ത്ര വ്യാപാരക്കരാറുകളുടെ പ്രത്യാഘാതങ്ങൾ കാർഷികവിപണിയിൽ വർഷങ്ങൾക്കുശേഷം ഇപ്പോൾ വൻവിലത്തകർച്ചയുടെ രൂപത്തിൽ പ്രകടമാകുന്നു. കാർഷിക നാണ്യവിളകളുടെ വിലത്തകർച്ച മാത്രമല്ല നികുതിരഹിത ഇറക്കുമതിക്കായി ഇന്ത്യൻ വിപണി തുറന്നുകൊടുത്തിരിക്കുമ്പോൾ കരാറുകൾ പ്രകാരമുള്ള അനിയന്ത്രിതമായ കാർഷിക നാണ്യവിളകളുടെയും വ്യവസായിക ഉല്പന്നങ്ങളുടെയും ഇറക്കുമതിക്കും ആക്കംകൂടിയിരിക്കുന്നു.**

## നികുതിരഹിത വ്യാപാരം എങ്ങനെ?

ഇന്ത്യ-ആസിയാൻ കരാറുപ്രകാരം നാലുതരത്തിലുള്ള ഇറക്കുമതിച്ചുങ്കം വെട്ടിച്ചുരുക്കലാണ് നടപ്പിലാക്കിയിരിക്കുന്നത്. അഞ്ചാമത് ചുങ്കം കുറയ്ക്കുന്നവയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നവയും.

നോർമൽ ട്രാക്ക്, സെൻസന്റീവ് ട്രാക്ക്, സ്പെഷ്യൽ ഉല്പന്നങ്ങൾ, ഉയർന്ന സെൻസിറ്റീവ് ലിസ്റ്റ്, എക്സ്ക്ലൂഷൻ ലിസ്റ്റ് എന്നിവയാണ് നികുതിനിരക്ക് ഉദാരവൽക്കരണ പ്രക്രിയകളുടെ വിവിധ തലങ്ങളിലായി കരാറിൽ ഉള്ളത്.

**നോർമൽ ട്രാക്ക്**-4000 ഇനങ്ങളുടെ ചുങ്കം പരിപൂർണ്ണമായി 2016 ഡിസംബർ 31-നോടുകൂടി പലതവണകളായി എടുത്തുകളഞ്ഞിരിക്കുന്നു. ഈ ഇനങ്ങൾക്ക് തായ്‌ലന്റ്, ഇന്തോനേഷ്യ തുടങ്ങി 6 രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് 2017 ജനുവരി 1 മുതൽ ഇറക്കുമതിച്ചുങ്കമില്ല. എന്നാൽ മ്യാൻമർ, കംപോഡിയ, ലാവോസ്, വിയറ്റ്നാം എന്നീ രാജ്യങ്ങൾക്ക് 2024 വരെ സമയപരിധിയുണ്ട്. ആസിയാൻ കരാറിന്റെ അടിസ്ഥാനലക്ഷ്യം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എല്ലാത്തരം ഇറക്കുമതി നികുതികളും എടുത്തുകളഞ്ഞ് അതിർത്തികളും നിയന്ത്രണങ്ങളുമില്ലാത്ത സ്വതന്ത്രവ്യാപാരം ഇന്ത്യയും 10 തെക്കുകിഴക്കൻ രാജ്യങ്ങളുമായി നടപ്പിലാക്കുകയാണ്. 2010 ജനുവരി ഒന്നുമുതൽ ആരംഭിച്ച നടപടിക്രമങ്ങൾ ഇന്നും തുടരുന്നു.

**സെൻസിറ്റീവ് ട്രാക്ക്**-560 ഇനങ്ങളാണ് ഈ ലിസ്റ്റിലുള്ളത്. നിലവിലുണ്ടായിരുന്ന ഇറക്കുമതിച്ചുങ്കം വെട്ടിച്ചുരുക്കി 5 ശതമാനത്തിൽ താഴെയായി തൽക്കാലം നിലനിർത്തുന്നു. 2017 ജനുവരി 1 മുതൽ പുത്തൻ സ്ലാബ് നിലവിൽ വന്നിരുന്നു. എന്നാൽ ഫിലിപ്പൈൻ, മ്യാൻമർ തുടങ്ങി നാല് രാജ്യങ്ങൾക്ക് ഈ ട്രാക്കിലും 2024 വരെ സമയപരിധി ദീർഘിപ്പിച്ചിട്ടുണ്ട്. അതേസമയം നിലവിൽ 5 ശതമാനത്തിൽതാഴെ നികുതി ചുമത്തിയിരുന്ന ഇനങ്ങളുടെ നികുതി പരിപൂർണ്ണമായി 2016 ഡിസംബർ 31ന് എടുത്തുകളഞ്ഞു.

സ്പെഷ്യൽ ഉല്പന്നങ്ങൾ, ഉയർന്ന സെൻസിറ്റീവ് ലിസ്റ്റിലുള്ള ഇനങ്ങൾ എന്നിവയുടെയും പ്രധാനലക്ഷ്യം നികുതിരഹിത ഇറക്കുമതി വ്യാപാരം തന്നെ.

**നെഗറ്റീവ് ലിസ്റ്റ്-ആസിയാൻ കരാർ ഒപ്പിടുന്ന വേളയിൽ 489 ഇനങ്ങൾ നെഗറ്റീവ് ലിസ്റ്റിൽപെടുത്തിയിരുന്നു. കൃത്യമായി പറഞ്ഞാൽ 302 ഇനങ്ങൾ കാർഷികവിഭാഗത്തിൽ. 81 ഇനങ്ങൾ ടെക്സ്റ്റൈൽ, 52ഇനങ്ങൾ മെഷിനറി, ഓട്ടോ, 17 ഇനങ്ങൾ കെമിക്കൽസ് പ്ലാസ്റ്റിക്. മേൽപറഞ്ഞ 489 ഇനങ്ങളുടെയും ഇറക്കുമതിച്ചുങ്കം പത്തുവർഷത്തിനുള്ളിൽ കുറയ്ക്കുകയില്ല. അതേസമയം 2019 നോടുകൂടി ഇവയും ചുങ്കരഹിതമാകും.** കേരളത്തിലെ കർഷകരുടെ പ്രധാന ഉല്പന്നങ്ങളായ കുരുമുളക്, കാപ്പി, തേയില, റബർ എന്നിവ ഈ ഗണത്തിൽപെടും. കാപ്പി, കുരുമുളക്, തേയില, പാം ഓയിൽ എന്നിവയുടെ ഇറക്കുമതിച്ചുങ്കം 2017

ജനുവരി 1 മുതൽ 100 ശതമാനത്തിൽ നിന്ന് 37.5 ശതമാനമായി കുറച്ചു. 2019 -നുള്ളിൽ ഇവയുടെ ഇറക്കുമതിച്ചുങ്കം പരിപൂർണ്ണമായി എടുത്തുമാറ്റപ്പെടാം. അതായത് മേല്പറഞ്ഞ നാണ്യവിളകൾ രണ്ടു വർഷ ത്തിനുശേഷം നികുതിരഹിത ഇറക്കുമതിയിലൂടെ ഇന്ത്യൻ വിപണിയിൽ ഒഴുകിയെത്തും. റബറിന് നിലവിൽ ലോകവ്യാപാരസംഘടനയുടെ നിബന്ധനപ്രകാരമുള്ള 25 ശതമാനം ഇറക്കുമതിച്ചുങ്കമാണുള്ളത്. എന്നാൽ ആസിയാൻ കരാറിന്റെ തുടർച്ചയായി 2019 നുശേഷം ചുങ്കരഹിത ഇറക്കുമതിക്കും സാധ്യതയേറെ.

## ഇന്ത്യയുടെ ആസിയാൻ വ്യാപാരത്തകർച്ച

2005-06ൽ ആസിയാൻ രാജ്യങ്ങളും ഇന്ത്യയും തമ്മിലുള്ള വ്യാപാരം 21.29 ബില്യൺ യുഎസ് ഡോളറായിരുന്നു. കൃത്യമായി പറഞ്ഞാൽ ഇന്ത്യയുടെ കയറ്റുമതി 10.41 ബില്യണും ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി 10.88 ബില്യണും. കയറ്റുമതിയും ഇറക്കുമതിയും എതാണ്ട് ഒരുപോലെ. കേന്ദ്രവാണിജ്യ മന്ത്രാലയത്തിന്റെ ഔദ്യോഗിക രേഖകൾ പ്രകാരം ഇന്ത്യ-ആസിയാൻ വ്യാപാരം 2015-16 ൽ 65.06 ബില്യൻ യുഎസ് ഡോളറാണ്. 25.15 ബില്യൻ കയറ്റുമതിയും 39.91 ബില്യൻ ഇറക്കുമതിയും. ഇന്ത്യയുടെ കയറ്റുമതിയേക്കാൾ ഇരട്ടിയോളമടുക്കുകയാണ് ഇറക്കുമതി. 2009 ഓഗസ്റ്റ് 13-ന് ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള ചരക്കുഗതാഗത നിയന്ത്രണം എടുത്തുമാറ്റിയ കരാറിൽ ഇന്ത്യ ഒപ്പിടുകയും തുടർന്ന് 2010 ജനുവരി 1 മുതൽ ഇതു നടപ്പിലാക്കുകയും ചെയ്തപ്പോൾ ആസിയാൻ രാജ്യങ്ങളിൽ നിന്ന് ഇന്ത്യൻ വിപണിയിലേയ്ക്കുള്ള ഇറക്കുമതി കുതിച്ചുയർന്നു. എന്നാൽ ഇന്ത്യയിൽനിന്നുള്ള കയറ്റുമതി അതനുസരിച്ച് ഉയർന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ആസിയാൻ രാജ്യങ്ങളുടെ തുറന്ന വിപണിയായി ഇന്ത്യ മാറിയിരിക്കുന്നു. **10 വർഷത്തിനുള്ളിൽ 10.4 ബില്യനിൽ നിന്ന് 25.2 ബില്യനായി ഇന്ത്യയുടെ കയറ്റുമതി ആസിയാൻ സ്വതന്ത്രവ്യാപാരക്കരാറിലൂടെ ഉയർന്നുവെന്ന് സർക്കാർ സംവിധാനങ്ങൾ കൊട്ടിഘോഷിക്കുമ്പോൾ ഇക്കാലയളവിൽ 10.88 ബില്യനിൽ നിന്ന് 39.91 ബില്യനായി ഇറക്കുമതി ഉയർന്നതിനെക്കുറിച്ച് മനഃപൂർവ്വം മൗനം പാലിക്കുന്നത് വഞ്ചനാപരമാണ്. കരാർ നടപടികൾ 2004 ൽ ആരംഭിച്ചതിന് ശേഷം ഇറക്കുമതി നാലിരട്ടിയായി കുതിച്ചുയർന്നപ്പോൾ തകർന്നടിഞ്ഞിരിക്കുന്നത് ഇന്ത്യയുടെ കാർഷികസമ്പദ്ഘടനയും ആഭ്യന്തര കമ്പോളവുമാണ്.**

2016-17ൽ ഇന്ത്യൻ ആസിയാൻ വ്യാപാരത്തുക 71.7 ബില്യൺ യുഎസ് ഡോളറാണ്. 2022 ഓടുകൂടി 200 ബില്യൻ യുഎസ് ഡോളറായി വർദ്ധിക്കുമെന്ന പ്രതീക്ഷയിലാണ് ഇന്ത്യ-ആസിയാൻ വ്യാപാരക്കൂട്ടായ്മ. എന്നാൽ ഇതുമൂലം നേട്ടമുണ്ടാകുന്നത് ഇന്ത്യയ്ക്കല്ലെന്ന് ഇറക്കുമതിയും കയറ്റുമതിയും വേർതിരിച്ചുപഠിക്കുമ്പോൾ മനസിലാകും. ഇന്ത്യ ആസിയാൻ സ്വതന്ത്ര വ്യാപാരക്കരാറിനെത്തുടർന്ന് ആസിയാൻ രാജ്യങ്ങളിൽ നിന്നുമുള്ള ഉല്പന്നങ്ങളുടെ ഇറക്കുമതിച്ചുങ്കം 2019 ഡിസംബർ 31നു മുമ്പ് എടുത്തുമാറ്റപ്പെടുമ്പോൾ വഴിതെളിയുന്നത് ഇന്ത്യയുടെ കയറ്റുമതിസാധ്യതകളെ തടഞ്ഞുനിർത്തുന്ന വൻ ഇറക്കുമതിയാണ്. 130 കോടിജനങ്ങളുള്ള ഒറ്റവിപണി കീഴടക്കുവാൻ ആസിയാൻ അംഗരാജ്യങ്ങൾ മത്സരിക്കുമ്പോൾ തകർന്നടിയുന്നത് ഇന്ത്യയുടെ കാർഷിക സമ്പദ്ഘടനയുമാണ്.

## ആസിയാൻ നിക്ഷേപ സേവന കരാറുകൾ

ആസിയാൻ സ്വതന്ത്രവ്യാപാരക്കരാറിൽ നിക്ഷേപ സേവന മേഖലകൾ ഉൾപ്പെടുത്തിയിരുന്നില്ല. 2010 ജനുവരി ഒന്നുമുതൽ വ്യാപാരക്കരാർ നടപ്പിലായതിനുശേഷമാണ് സേവനനിക്ഷേപ കരാറുകളെക്കുറിച്ച് ഇന്ത്യയും ആസിയാൻ കൂട്ടായ്മയുമായി ചർച്ചകൾ ആരംഭിച്ചത്. തുടർന്ന് 2014 നവംബറിൽ നിക്ഷേപ സേവന കരാറുകൾ ഒപ്പിട്ട് 2015 ജൂലൈ 1 മുതൽ നടപ്പിലായി. എന്നാൽ നിക്ഷേപ സേവന കരാർ ചർച്ചകളുടെ കാലഘട്ടങ്ങളിൽ തന്നെ ഇന്ത്യൻ കോർപ്പറേറ്റുകളും വ്യവസായികളും പ്രധാന ആസിയാൻ രാജ്യങ്ങളിൽ വ്യവസായ കാർഷിക മേഖലകളിൽ നിക്ഷേപങ്ങൾ ആരംഭിച്ചിരുന്നു. കാർഷിക ആവശ്യങ്ങൾക്കായി വിദേശ കോർപ്പറേറ്റുകൾക്ക് ആസിയാൻ രാജ്യങ്ങളിൽ ഭൂമി തീറെഴുതി വാങ്ങാനാവില്ലെങ്കിലും പാട്ടത്തിനെടുക്കാം. ഉദാഹരണമായി 2010-ൽ ഇന്ത്യയിലെ പ്രമുഖ ടയർ കമ്പനിയായ അപ്പോളോ ടയേഴ്സ് ലവോസിൽ പതിനായിരം ഹെക്ടർ സ്ഥലത്ത് റബർ കൃഷിയാരംഭിക്കുകയുണ്ടായി. ഇതര റബർ വ്യവസായികളും ഇതിനോടകം ആസിയാൻ രാജ്യങ്ങളിൽ ഫാക്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ നിന്നുള്ള റബർ ഇറക്കുമതിക്കെതിരെ രാഷ്ട്രീയ പാർട്ടികളും കർഷകപ്രസ്ഥാനങ്ങളും പ്രതിഷേധിക്കുമ്പോൾ ഒന്നോർക്കുക. ഇന്ത്യയിലെ വൻ വ്യവസായികൾ ഇറക്കുമതിചെയ്യുന്നത് അവരുടെ സ്വന്തം കൃഷിയിടങ്ങളിലെ പ്രകൃതിദത്ത റബറാണ്.

ആസിയാൻ ത്രിതല കരാറുകളുടെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ കാർഷികമേഖല വീണ്ടും കൂടുതൽ പ്രശ്നസങ്കീർണ്ണമാകും. ഇത്രയുംകാലം സ്വാഭാവിക റബറാണ് ഇറക്കുമതി ചെയ്തിരുന്നതെങ്കിൽ ഇപ്പോഴിതാ ടയർ, ട്യൂബ് എന്നിങ്ങനെ റബറുല്പന്നങ്ങളുടെ നികുതിയില്ലാത്ത ഇറക്കുമതിക്കായി കളമൊരുങ്ങിയിരിക്കുന്നു. വിദേശ റബറുല്പന്നങ്ങൾ വിലകുറഞ്ഞ് വിപണിയിൽ ലഭ്യമായിട്ടുണ്ടുതാനും. 2016 ജൂലൈ ഒന്നുമുതൽ മലേഷ്യയിൽ നിന്നുള്ള റബറുൽപന്നങ്ങളുടെ ഇറക്കുമതിച്ചുങ്കം ഇന്ത്യ എടുത്തുകളഞ്ഞു. ആസിയാൻ രാജ്യങ്ങളിൽ വ്യവസായങ്ങൾ സ്ഥാപിച്ച് ഉല്പാദനം നടത്തുമ്പോൾ നേട്ടങ്ങൾ വേറെയുമുണ്ട്. തൊഴിലാളികളുടെ കുറഞ്ഞ കൂലിയും കുറഞ്ഞ ഉല്പാദന ച്ചെലവും. അതേസമയം ഇന്ത്യൻ വിപണി ഇതേ വ്യവസായികളുടെ കൈയ്യിലിരിക്കുകയും ചെയ്യും. ഈ നില തുടർന്നാൽ ഇന്ത്യയിലെ റബർ കർഷകർ വരുംനാളുകളിൽ വൻ വിലയിടിവിലൂടെ വീണ്ടും പ്രതിസന്ധിയിലാകും. **ഇന്ത്യ-ആസിയാൻ വ്യാപാരകരാറിന്റെ 24-ാം ആർട്ടിക്കിൾ പ്രകാരം കരാർ ഇന്ത്യയ്ക്ക് വിപരീത ഫലമുളവാക്കുന്നെങ്കിൽ ഏതു നിമിഷവും പിന്മാറാം. നോട്ടീസ് നൽകി ഒരു വർഷത്തെ സാവകാശം മാത്രം മതി. കൂടാതെ ആന്റി ഡമ്പിംഗ് ഡ്യൂട്ടിയും സംരക്ഷിത ചുങ്കവും ഏർപ്പെടുത്താം. വിവിധ ലിസ്റ്റുകളിലുള്ള ഉല്പന്നങ്ങളുടെ നിരോധനത്തിന് അവകാശമില്ലെങ്കിലും നിയന്ത്രണവുമാകാം. കഴിഞ്ഞ നാളുകളിലെ റബറിന്റെ അനിയന്ത്രിതമായ ഇറക്കുമതിമൂലം ആഭ്യന്തരവിപണി തകർന്നപ്പോൾ ഇതേ നിയമപരിരക്ഷ ലോകവ്യാപാരകരാറിലുമുണ്ടായിരുന്നത് നടപ്പിലാക്കുവാൻ കേന്ദ്രസർക്കാർ ശ്രമിച്ചില്ലെന്നത് നാം ഓർക്കണം. സർക്കാരാകട്ടെ കർഷകരെ മറന്ന് വ്യവസായികൾക്കായി നിലനിന്നു. ഇന്നും അത് തുടരുന്നു.**

ഇന്ത്യൻ കാർഷികമേഖല എക്കാലത്തേയുംകാൾ വലിയ പ്രതിസന്ധിയിലാണിപ്പോൾ. നോട്ടുനിരോധനം, ജിഎസ്ടി തുടങ്ങിയ തുഗ്ലക് പരിഷ്കാരങ്ങൾ കാർഷിക വളർച്ച മുരടിപ്പിച്ച അതിശോചനീയതയെ അതിജീവിക്കാൻ കർഷകനിന്നാകുന്നുമില്ല. കൂനിന്മേൽ കുരു പോലെ രാജ്യാന്തരകരാറുകളിലൂടെ വിദേശരാജ്യങ്ങളുടെ ഏറ്റവും നല്ല വിപണിയായി ഇന്ത്യ മാറുമ്പോൾ കണ്ണീർപ്പുഴയൊഴുകുന്നത് ഇന്ത്യയുടെ ആത്മാവിൽ ചേർത്തുനിർത്തിയ ഗ്രാമങ്ങളിലാണ്.

**വെന്തുവെണ്ണീറായ മണ്ണിൽ കൃഷിയൊരു നഷ്ടക്കച്ചവടമായി മാറിയിരിക്കുന്നു. സമ്പാദ്യത്തേക്കാളുപരി നിലനിൽപിനുപോലും കൃഷി ഉപകരിക്കില്ലെന്നുള്ള പ്രായോഗികബോധ്യം ഇന്ത്യയിലെ കർഷകജനതകയെ കാർഷികവൃത്തിയിൽ നിന്ന് ഒളിച്ചോടുവാൻ പ്രേരിപ്പിക്കുന്നു. ഈ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ എത്തിച്ചേർന്നിരിക്കുന്നത് ഇന്ത്യ ഇതിനോടകം ഏർപ്പെട്ട ആസിയാൻ ഉൾപ്പെടെ വിവിധ കർഷകവിരുദ്ധകരാറുകളുടെ അനന്തരഫലങ്ങൾ കാർഷികമേഖലയിൽ ഇരുട്ടടിയായിയിരിക്കുന്നുവെന്നതിന്റെ തിരിച്ചറിവിലാണ്.**

1992 മുതൽ രണ്ടര പതിറ്റാണ്ടുകൾ കിഴക്കിനെ നോക്കി സഞ്ചരിച്ച ഇന്ത്യയുടെ സമ്പദ്ഘടനയിപ്പോൾ ആക്ട് ഈസ്റ്റ് പോളിസിയിലൂടെ തെക്കുകിഴക്കൻ വ്യാപാരക്കൂട്ടായ്മയുടെ കാൽക്കീഴിലായിട്ടും സ്വന്തം ജനതയെ സംരക്ഷിക്കുവാൻ ക്രിയാത്മക ഇടപെടലുകളില്ലാത്ത അധികാരകേന്ദ്രങ്ങളുടെ നിസ്സംഗതയ്ക്കും നിഷേധനിലപാടുകൾക്കും ചരിത്രം മാപ്പുനൽകില്ല.

**ഷെവലിയാർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**




*ഫാ.ടോം ഉഴുന്നാലിനെ കാഞ്ഞിരപ്പള്ളി രൂപതാ ആസ്ഥാനത്ത് മാർ മാത്യു അറയ്ക്കൽ സ്വീകരിക്കുന്നു. കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, വികാരി ജനറാൾ ഫാ.ജസ്റ്റിൻ പഴേപറമ്പിൽ, പി.ആർ.ഓ. ഫാ. മാത്യു പുത്തൻപറമ്പിൽ, പ്രൊക്കുറേറ്റർ ഫാ. മാർട്ടിൻ വെള്ളിയാംകുളം, ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ എന്നിവർ സമീപം.*

# ഐഎസിൽ ചേരുവാൻ തീരുമാനിച്ച യുവതി ഇന്ന് ലോകത്തോട് പ്രഘോഷിക്കുന്നു-"യേശു ഏക രക്ഷകൻ"

സ്റ്റോക്ക് ഹോം: ഇസ്ലാമിക് സ്റ്റേറ്റ്സ് തീവ്രവാദി സംഘടനയിൽ ചേരുവാൻ തീരുമാനിച്ച റിഥ ചൈമാ എന്ന മുസ്ലീം യുവതി ഇന്ന് ലോകത്തോട് പ്രഘോഷിക്കുന്നു "യേശു ഏക രക്ഷകൻ". ലാസ്റ്റ് റിഫർമേഷൻ എന്ന പ്രേഷിതസംഘടന പുറത്തിറക്കിയ ഇൻ ഹിസ് ഫൂട്ട്സ്റ്റെപ്സ് എന്ന ഡോക്യുമെന്ററി വഴിയാണ് റിഥ ചൈമ എന്ന യുവതിയുടെ യേശുവിനെ കണ്ടെത്തിയ അനുഭവ സാക്ഷ്യം പുറം ലോകം അറിഞ്ഞത്. പുകവലിക്കും മയക്കുമരുന്നിനും അടിമയായ റിഥ മുസ്ലീങ്ങളല്ലാത്തവരോട് കടുത്ത വിദ്വേഷം വച്ചുപുലർത്തിയിരുന്നതായും അവരെ കൊല്ലുവാൻ ആഗ്രഹിച്ചിരുന്നുവെന്നും തുറന്നു പറയുന്നു.




നേരത്തെ ഐഎസിന്റെ അതിക്രൂരമായ പ്രവർത്തികൾ കണ്ട അവൾ അതിൽ ആകൃഷ്ടയാകുകയായിരുന്നു. പിന്നീട് ജിഹാദികൾക്കൊപ്പം ചേരുവാൻ സിറിയയിലേയ്ക്ക് പോകുവാൻ തന്നെ റിഥ തീരുമാനിച്ചു. എന്നാൽ അവളുടെ ജീവിതത്തിൽ സംഭവിച്ചത് മറ്റൊന്നായിരുന്നു. റിഥയുടെ സ്വഭാവ വൈകല്യത്തിൽ വേദനതോന്നിയ അവളുടെ അമ്മ അവൾക്ക് കുറെയധികം പുസ്തകങ്ങൾ നൽകി. അക്കൂട്ടത്തിൽ വിശുദ്ധ ബൈബിളും ഉണ്ടായിരുന്നു. ക്രിസ്ത്യാനികൾ പറയുന്നത് തെറ്റാണെന്ന് വാദിക്കുവാൻ വേണ്ടി മാത്രമായാണ് അവൾ ബൈബിൾ വായിക്കുവാൻ ആരംഭിച്ചത്. എന്നാൽ വിശുദ്ധ ഗ്രന്ഥം തന്റെ ജീവിതം മാറ്റിമറിക്കുകയായിരുന്നുവെന്ന് റിഥ സാക്ഷ്യപ്പെടുത്തുന്നു.

ബൈബിൾ വായനയ്ക്കിടെ നിന്റെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക, അവരെ സ്നേഹിക്കുക തുടങ്ങിയ ബൈബിൾ വാക്യങ്ങളിൽ അവൾ ആകൃഷ്ടയായി. പതുക്കെ പതുക്കെ യേശു തന്റെയുള്ളിൽ പ്രവർത്തിക്കുവാൻ തുടങ്ങിയെന്ന് റിഥ പറയുന്നു. ദൈവാത്മാവിന്റെ ശക്തമായ പ്രവർത്തനം റിഥയിൽ ഉണ്ടായപ്പോൾ അവളുടെ മനോഭാവവും ജീവിത രീതിയും ആക്രമണസ്വഭാവവും മാറിമറിയുകയായിരുന്നു.

തുടർന്ന് യേശുവിനെ പിന്തുടരുവാൻ താൻ ആഗ്രഹിക്കുന്ന വിവരം അവൾ വീട്ടുകാരെ അറിയിച്ചു. എന്നാൽ അവൾ നേരിട്ടത് കടുത്ത എതിർപ്പായിരുന്നു. ഇതേത്തുടർന്നു വീട്ടുകാരുമായി യാതൊരു ബന്ധവുമില്ലാതെ തന്റെ മുറിയിൽ ഒറ്റയ്ക്കു കഴിഞ്ഞ റിഥയ്ക്കു തുണയായതും ആശ്വാസം നൽകിയതും ബൈബിൾ തന്നെയാണ്. താൻ ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ ഉണ്ടായ അസാധാരണമായ സംഭവത്തെക്കുറിച്ചും റിഥ വിവരിച്ചു. മാമ്മോദീസായിലൂടെ ക്രിസ്തുവിനോട് ചേരുന്ന സമയത്ത് ശരീരം വിറയ്ക്കുകയും അലറുകയും ചെയ്തിരുന്നുവെന്ന് അവൾ വെളിപ്പെടുത്തി.

തന്നെ ബാധിച്ച പൈശാചിക അടിമത്തത്തിന്റെ അവസാനത്തെ പ്രവർത്തനമാണ് അപ്പോൾ നടന്നതെന്നും മാമ്മോദീസായ്ക്ക് ശേഷം തന്റെ ഉള്ളിൽ നിന്നും ഒരു വലിയ ഭാരം ഒഴിഞ്ഞുപോയ അനുഭവമാണ് ഉണ്ടായതെന്നും റിഥ സാക്ഷ്യപ്പെടുത്തുന്നു. അമുസ്ലീങ്ങളെ കൊന്നൊടുക്കുവാൻ ഐഎസിൽ അംഗമാകാനാഗ്രഹിച്ച റിഥ ചൈമാ ഇന്ന് തനിക്ക് ഉണ്ടായ ദൈവാനുഭവത്തെപ്പറ്റിയും യേശു ഏക രക്ഷകൻ എന്ന സത്യത്തെപ്പറ്റിയും ലോകത്തോട് പ്രഘോഷിക്കുകയാണ്. പീറ്റർ അല്മാൻ എന്ന സുവിശേഷകനൊപ്പമാണ് തന്റെ ജീവിതത്തിൽ സംഭവിച്ച അത്ഭുതകരമായ പരിവർത്തനത്തെപ്പറ്റി റിഥ പ്രഘോഷണം നടത്തുന്നത്.



*മ്യാൻമർ സന്ദർശിക്കുന്ന ആദ്യ പാപ്പ എന്ന ഖ്യാതിയോടെ രാജ്യത്ത് എത്തിയ ഫ്രാൻസീസ് മാർപാപ്പായെ പരമ്പരാഗതവേഷമണിഞ്ഞ് സ്വീകരിക്കുന്ന കുട്ടികൾ.*

# പാവപ്പെട്ടവരോടുള്ള പരിഗണന യഥാർത്ഥ ക്രിസ്തീയ സാക്ഷ്യം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്




കൊച്ചി: പാവപ്പെട്ടവരോടുള്ള സവിശേഷ പരിഗണന ക്രിസ്തീയ സാക്ഷ്യത്തിന്റെ അവശ്യഭാവമാണെന്ന് കെസിബിസി ഫാമിലി കമ്മീഷൻ ചെയർമാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്. ഇത് ഒരു ദിനാചരണത്തിൽ ഒതുങ്ങിനിൽക്കേണ്ടതല്ലെന്നും എല്ലാ ദിവസവും തുടരേണ്ടതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കെസിബിസി പ്രൊ-ലൈഫ് സമിതിയുടെ നേതൃത്വത്തിൽ കൂവപ്പടി ബത്‌ലഹേം അഭയഭവനിൽവച്ച് സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച ദരിദ്രർക്കായുള്ള പ്രഥമ ലോകദിനാചരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നവസുവിശേഷവത്കരണ പ്രോത്സാഹനത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലാണ് കത്തോലിക്കാസഭയിൽ ആഗോളതലത്തിൽ നവംബർ 19 ദരിദ്രർക്കായുള്ള ലോക ദിനാചരണത്തിന് ആഹ്വാനം ചെയ്തത്. കാരുണ്യവർഷത്തിന്റെ സമാപനത്തിൽ ഫ്രാൻസീസ് പാപ്പാ പ്രഖ്യാപിച്ചതാണ് ഈ ദിനാചരണം. കേരളത്തിൽ കെ.സി.ബി.സി.പ്രോ-ലൈഫ് സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാന, മേഖലാ, രൂപതാ, ഇടവക തലങ്ങളിൽ വിവിധ കർമ്മപദ്ധതികളും പരിപാടികളും നടത്തി.

ബത്‌ലഹേം അഭയഭവൻ സ്ഥാപക ഡയറക്ടർ മേരി എസ്തപ്പാൻ സംസ്ഥാന തല ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. കെസിബിസി പ്രോ-ലൈഫ് സമിതി ഡയറക്ടർ ഫാ.പോൾ മാടശേരി അധ്യക്ഷത വഹിച്ചു. നാനൂറോളം അഗതികൾക്ക് സ്നേഹ വിരുന്ന് നൽകി.

# സർക്കാർ ഭൂമിയിൽ പാർട്ടി ഓഫീസുകൾ പണിതിരിക്കുന്നവർ

## കുടിയേറ്റ കർഷകർക്കെതിരെ വാളോങ്ങേണ്ട

തൊടുപുഴ: അധികാരത്തിന്റെ പിൻബലത്തിൽ സർക്കാർ ഭൂമി കൈയ്യേറി അത്യാഡംബര പാർട്ടിഓഫീസുകൾ പണിതിരിക്കുന്ന രാഷ്ട്രീയ പാർട്ടികളും വൻ ഭൂമാഫിയകൾക്കു മുമ്പിൽ മുട്ടുകുത്തുന്ന അധികാര കേന്ദ്രങ്ങളും കുടിയേറ്റ കർഷകരെ കൈയ്യേറ്റക്കാരായി ചിത്രീകരിച്ച് അവർക്കെതിരെ വാളോങ്ങണ്ടന്ന് ഇൻഫാം.

അഞ്ച് പതിറ്റാണ്ടിലേറെയായി നിയമാനുസൃതം കൈവശംവച്ചനുഭവിച്ച് കരമടച്ച് കൃഷിചെയ്യുന്ന ഭൂമി പോലും സർക്കാർ ഭൂമിയാണെന്നും, കൈയ്യേറ്റമാണെന്നും, പട്ടയങ്ങൾ റദ്ദ് ചെയ്യണമെന്നും രേഖകളും വസ്തുതകളും നിലവിലുള്ള നിയമങ്ങളും മറന്ന് ഉത്തരവിറക്കുന്ന ന്യൂജനറേഷൻ ബ്യൂറോക്രാറ്റുകളുടെ വിജ്ഞാപനങ്ങൾക്ക് നിലനിൽപ്പില്ല. പശ്ചിമഘട്ടത്തിലെ ഭൂപ്രശ്നങ്ങൾ സങ്കീർണ്ണമാക്കി കർഷകരെ കുടിയിറക്കുവാനുള്ള ഉദ്യോഗസ്ഥ-പരിസ്ഥിതി മൗലികവാദികളുടെ രഹസ്യഅജണ്ടയ്ക്ക് സംസ്ഥാന വനം-റവന്യൂ വകുപ്പുകൾ ഒത്താശചെയ്യുകയാണ്. വിഷയങ്ങൾ പഠിക്കാതെ ഉദ്യോഗസ്ഥരുടെ ആജ്ഞാനുവർത്തികളായി ജനപ്രതിനിധികളും മന്ത്രിമാരും തരംതാഴുന്നത് അപമാനകരമാണ്. ഭൂവിഷയത്തിന്റെ പേരിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുള്ള മുതലെടുപ്പ് രാഷ്ട്രീയവും തിരിച്ചറിയാൻ കർഷകർക്കാവും.

ഭൂമി കൈയ്യേറ്റങ്ങളും കൈയ്യേറ്റ ഭൂമിയിലെ നിർമ്മാണപ്രവർത്തനങ്ങളും ഒരു ദിവസത്തെയോ ഒരു മാസത്തെയോ സൃഷ്ടിയല്ല. സർക്കാർ ഭൂമി സംരക്ഷിക്കുവാൻ ബാധ്യതയുള്ള ഉദ്യോഗസ്ഥരുടെ പിന്തുണയും വൻസാമ്പത്തിക അഴിമതിയും അധികാരത്തിലിരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ പിൻബലവും ഇത്തരം കൈയ്യേറ്റങ്ങൾക്ക് പിന്നിലുണ്ട്. സർക്കാർ ഭൂമി വൻകിടക്കാർക്കും രാഷ്ട്രീയ പാർട്ടികൾക്കും തീറെഴുതിക്കൊടുത്ത ഉദ്യോഗസ്ഥ മാഫിയകൾക്കെതിരെ ചെറുവിരലനക്കാൻ സാധിക്കാത്ത സംസ്ഥാന റവന്യൂ വകുപ്പിന്റെ നിലപാടുകൾ അപഹാസ്യമാണ്.

മാധ്യമശ്രദ്ധ കിട്ടുന്ന മൂന്നാർ, മാർത്താണ്ഡം, കായൽ കൈയ്യേറ്റ വിഷയങ്ങളിൽ തീവ്രനിലപാടുകൾ സ്വീകരിക്കുന്ന റവന്യൂ മന്ത്രിയും കേരളത്തിലെ അഞ്ചുലക്ഷത്തിൽപരം ഏക്കർ സർക്കാർഭൂമി വൻകിട കൈയ്യേറ്റക്കാരിൽനിന്നും ഒഴിപ്പിക്കണം എന്ന് നിർദ്ദേശിക്കുന്ന രാജമാണിക്യം റിപ്പോർട്ടിന്മേൽ കുറ്റകരമായ മൗനംപുലർത്തുന്നത് ഇരട്ടത്താപ്പാണെന്നും ഇൻഫാം പറഞ്ഞു.

# ഇറാനിൽ ഭൂകമ്പത്തെ തുടർന്നു ദുരിതമനുഭവിക്കുന്നവർക്ക് താങ്ങായി ക്രൈസ്തവ സമൂഹം



ടെഹ്റാൻ: 2003നു ശേഷം ഇറാന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയ ഏറ്റവും മാരകമായ ഭൂകമ്പത്തിനിരയായവർക്ക് താങ്ങായി ക്രൈസ്തവ സമൂഹം. ഇറാനിലെ കൽദായ വൈദികനും പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയുടെ ഡയറക്ടറുമായ ഫാ.ഹോർമോസ് അസ്ലാനിയാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. നവംബർ 12-ന് റിക്ടർ സ്കെയ്ലിൽ 7.2 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പമാണ് ഇറാനിലും ഇറാഖിലും ഗൾഫ് രാജ്യങ്ങളിലും ഉണ്ടായത്.

ഭൂകമ്പത്തിൽ പരിക്കേറ്റവർക്ക് രക്തം ദാനം ചെയ്യുവാനും മറ്റ് സഹായങ്ങൾക്കും ക്രൈസ്തവരാണ് മുന്നിൽ ഉണ്ടായിരുന്നത്. പ്രകൃതി ദുരന്തത്തിനിരയായവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുംവേണ്ടി പ്രാർത്ഥനാകൂട്ടായ്മകളും മറ്റ് ശുശ്രൂഷകളും ക്രിസ്ത്യൻ സമൂഹം സംഘടിപ്പിച്ചെന്നും ഫാ.ഹോർമോസ് അസ്ലാനി വെളിപ്പെടുത്തി. ഭൂകമ്പത്തിന്റെ പ്രകമ്പനം രാജ്യം മുഴുവൻ അനുഭവപ്പെട്ടുവെങ്കിലും ഇറാനിലെ കെർമാൻഷാ, സാർപോൾ ഇ സാഹബ് എന്നീ നഗരങ്ങളെയാണ് ഭൂകമ്പം കൂടുതലായും ബാധിച്ചത്. ഭൂകമ്പത്തിൽ 430 പേർ മരണപ്പെടുകയും 7150 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ടെന്നാണ് ഔദ്യോഗിക കണക്കുകൾ. എന്നാൽ മരണസംഖ്യ ഇനിയും ഉയരുവാനാണ് സാധ്യത.

ഭൂകമ്പത്തിൽ അനുശോചനം അറിയിച്ചുകൊണ്ട് ഇതിനോടകംതന്നെ ഫ്രാൻസീസ് പാപ്പാ ഇറാനിലെയും ഇറാഖിലെയും അധികാരികൾക്ക് സന്ദേശമയച്ചിട്ടുണ്ട്. ഭൂകമ്പത്തിനിരയായവരെക്കുറിച്ചോർത്ത് താൻ അതിയായി ദുഃഖിക്കുന്നുവെന്നും ദുരന്തത്തിനിരയായവർക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ പങ്കുചേരുന്നുവെന്നും പാപ്പാ തന്റെ സന്ദേശത്തിലൂടെ അറിയിച്ചു. പരിക്കേറ്റവർക്ക് ആശ്വാസവും രക്ഷാദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ശക്തിയും ദൈവാനുഗ്രഹവും ലഭിക്കട്ടെയെന്നും പാപ്പായുടെ സന്ദേശത്തിൽ പറയുന്നു.

# ഫിലിപ്പീൻസിൽ ചാപ്പലിന് നേരെ ഇസ്ലാമിക പോരാളികളുടെ ആക്രമണം



മനില: തെക്കൻ ഫിലിപ്പീൻസിലെ മിൻഡാനോയിൽ സ്ഥിതിചെയ്യുന്ന ചാപ്പലിനുനേരെ ഇസ്ലാമിക പോരാളികളുടെ ആക്രമണം. ഷാരിഫ് അഗുവാക്ക് പട്ടണത്തിൽ ലാബോ-ലാബോ ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന ചാപ്പൽ അഗ്നിക്കിരയാക്കുവാനാണ് ശ്രമം നടത്തിയിരിക്കുന്നത്. വിശുദ്ധ ഇസിഡോറിന്റെ നാമത്തിലുള്ള ചാപ്പലിലെ അൾത്താരയും തിരുസ്വരൂപങ്ങളും അക്രമികൾ പെട്രോൾ ഒഴിച്ച് കത്തിക്കുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. നവംബർ 10നാണ് സംഭവം നടന്നത്. ദൈവാലയം അഗ്നിക്കിരയാക്കിയവരെ കണ്ടുപിടിക്കാൻ അന്വേഷണം ആരംഭിച്ചതായി അധികൃതർ അറിയിച്ചു. അക്രമത്തിനു പിന്നിൽ ബഗ്സമോറോ ഇസ്ലാമിക സംഘടനയുടെ പോരാളികളാണെന്നാണ് പോലീസ് വിലയിരുത്തൽ. അക്രമത്തെത്തുടർന്ന് ദൈവാലയത്തിലെ ഭക്തവസ്തുക്കളെല്ലാംതന്നെ നശിപ്പിക്കപ്പെട്ടുവെന്ന് ഫിലിപ്പീൻ സ്റ്റാർ ദിനപ്പത്രം റിപ്പോർട്ടു ചെയ്യുന്നു. എതാനും മാസങ്ങൾക്കു മുമ്പ് വടക്കൻ കോത്ബതോയിലെ ദൈവാലയവും സമാനരീതിയിൽ ആക്രമിക്കപ്പെട്ടിരുന്നു.

ചാപ്പലിൽ ശുശ്രൂഷചെയ്തിരുന്ന ഫാ.എല്ലിസിയോ മെർക്കാർഡോ സംഭവത്തെ അപലപിച്ചു. തീവ്രവാദികളുടെ പ്രവർത്തനംമൂലം മതസൗഹാർദ്ദമാണ് തകരുന്നതെന്ന് നഗരപ്രതിനിധി അൻവർ എംബ്ലവ പറഞ്ഞു. കത്തോലിക്കാ ദൈവാലയങ്ങളെ ആക്രമിക്കുവാൻ ലക്ഷ്യമിടുന്ന പ്രവണത ക്രിസ്ത്യൻ-മുസ്ലീം ഐക്യത്തെ ബാധിക്കുമെന്ന ആശങ്കയും അദ്ദേഹം പങ്കുവെച്ചു. സംഭവത്തിൽ ഉടൻ നടപടിയെടുക്കണമെന്ന് മാഗുൻഡനാനോ ഗവർണർ ഇസ്മായേൽ മാൻഗുൻദാഡോ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

# ജപമാല ചൊല്ലിയതിന് ഫ്രഞ്ച് യുവാക്കളെ അറസ്റ്റ് ചെയ്തു

പാരീസ്: പാരീസിലെ കത്തോലിക്കാ ദൈവാലയത്തിൽ ജപമാല ചൊല്ലിയ പന്ത്രണ്ടോളം കത്തോലിക്കാ യുവാക്കളെ പോലീസ് അറസ്റ്റ് ചെയ്തു. പ്രൊട്ടസ്റ്റന്റ് നവോത്ഥാനത്തിന് കാരണമായ മാർട്ടിൻ ലൂഥർ കിംഗിന്റെ 500–ാമത് വാർഷികാനുസ്മരണത്തിന്റെ ഭാഗമായി ഔർ ലേഡി ഓഫ് വൈറ്റ് മാന്റിൽ കത്തോലിക്കാ ദൈവാലയത്തിൽ പ്രൊട്ടസ്റ്റന്റ് പ്രഭാഷക പ്രസംഗിച്ചതിനിടെയാണ് സംഭവങ്ങളുടെ തുടക്കം. മാറായിസിലെ യുണൈറ്റഡ് പ്രൊട്ടസ്റ്റന്റ് ചർച്ചിലെ വനിതാ പാസ്റ്ററായ കരോളിൻ ബ്രെട്ടോണസ്, വനിതാ പുരോഹിതയുടെ വേഷത്തിൽ നടത്തിയ പ്രസംഗത്തിനിടെ കത്തോലിക്കാ യുവാക്കൾ ലാറ്റിൻ ഫ്രഞ്ച് ഭാഷകളിൽ ജപമാല ചൊല്ലുവാനും സ്തുതിഗീതങ്ങൾ ആലപി



ക്കുവാനും തുടങ്ങി. ഇതിനെതുടർന്ന് ദൈവാലയത്തിൽ സന്നിഹിതരായിരുന്ന പ്രൊട്ടസ്റ്റന്റ് വിശ്വാസികളും കത്തോലിക്കരും തമ്മിൽ വാഗ്വാദം ഉണ്ടാവുകയും തുടർന്ന് മിലിട്ടറിയുടെ സഹായത്തോടെ പോലീസ് യുവാക്കളെ അറസ്റ്റ് ചെയ്യുകയുമായിരുന്നു. ഫ്രഞ്ച് ഭാഷയിലുള്ള മീഡിയാസ്-പ്രസ്-ഇൻഫോ എന്ന വെബ്സൈറ്റിൽ സംഭവത്തിന്റെ വീഡിയോ പ്രത്യക്ഷപ്പെട്ടതോടെയാണ് മാധ്യമങ്ങളിൽ ഇത് വാർത്തയാകുന്നത്. കത്തോലിക്കാ പള്ളിയിൽ ജപമാല ചൊല്ലിയതിനാണ് യുവാക്കളെ മിലിട്ടറിയുടെ സഹായത്തോടെ പോലീസ് അറസ്റ്റ് ചെയ്തത് എന്ന കുറിപ്പും വീഡിയോയ്ക്കൊപ്പമുണ്ടായിരുന്നു. കത്തോലിക്കാ ദൈവാലയം പ്രൊട്ടസ്റ്റന്റുകാർ കൈയേറിയതിലുള്ള വേദനയാണ് യുവാക്കൾ ജപമാലയിലൂടെ പ്രകടിപ്പിച്ചതെന്ന് വിലയിരുത്തപ്പെടുന്നു. പോലീസ് പിടിച്ചുകൊണ്ടുപോകുമ്പോൾ വിജയശ്രീലാളിതനായ ക്രിസ്തു എന്ന് അവർ ഉച്ചത്തിൽ വിളിച്ചുപറയുന്നത് വീഡിയോയിൽ വ്യക്തമാണ്.

# ചൈനയിൽ യേശുവിന്റെ ചിത്രങ്ങൾ മാറ്റി പ്രസിഡന്റിനെ പ്രതിഷ്ഠിക്കുവാൻ നിർബന്ധിത ശ്രമം

ബെയ്ജിംഗ്: ചൈനയിലെ ക്രൈസ്തവ ഭവനങ്ങളിൽ നിന്നു യേശുക്രിസ്തുവിന്റെ ചിത്രങ്ങൾ നീക്കി പ്രസിഡന്റ് ഷി ജിൻ പിംഗിന്റെ ചിത്രങ്ങൾ സ്ഥാപിക്കുവാൻ നിർബന്ധിത ശ്രമം നടക്കുന്നതായി റിപ്പോർട്ട്. ദക്ഷിണ പൂർവ്വ ചൈനയിലെ ജിയാങ്ഷി പ്രവിശ്യയിൽപ്പെട്ട യുഗാൻ പ്രദേശത്താണു ക്രിസ്തുവിന്റെ ചിത്രങ്ങൾ മാറ്റി പ്രസിഡന്റിന്റെ ചിത്രം സ്ഥാപിക്കുവാൻ കമ്യൂണിസ്റ്റ് നേതൃത്വം ശ്രമം നടത്തുന്നത്.

ദാരിദ്ര്യമോ രോഗമോ നീക്കാൻ ക്രിസ്തുവിനു കഴിയില്ലെന്നും അത് കമ്യൂണിസ്റ്റ് പാർട്ടിക്കുമാത്രമേ കഴിയൂ എന്നും അതിനാൽ ക്രിസ്തുവിന്റെ ചിത്രങ്ങളും വചനങ്ങളും നീക്കി പകരം ഷിയുടെ ചിത്രം ചുവരിൽ തൂക്കണമെന്നുമാണ് പ്രാദേശിക നേതാക്കൾ ഉപദേശിക്കുന്നത്.



ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ ആനുകൂല്യങ്ങൾ വേണമെങ്കിൽ തങ്ങളുടെ ഉത്തരവു പാലിക്കണമെന്ന് ക്രൈസ്തവ ഭവനങ്ങളിലെത്തി പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥർ പറഞ്ഞതായും റിപ്പോർട്ടുണ്ട്. നിലവിൽ ക്രിസ്തുവിന്റെ 624 ചിത്രങ്ങൾ മാറ്റി പകരം ഷി ചിൻപിങ്ങിന്റെ 453 ചിത്രങ്ങൾ സ്ഥാപിച്ചുകഴിഞ്ഞെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. മാവോയ്ക്കുശേഷമുള്ള ഏറ്റവും ശക്തനായ നേതാവായി വിശേഷിപ്പിക്കപ്പെടുന്ന ഷിയും വ്യക്തിപൂജ പ്രോത്സാഹിപ്പിക്കുന്ന നിലപാടിലേയ്ക്കു തിരിയുകയാണെന്ന ആശങ്ക പടരുകയാണ്.

വിശ്വാസികൾ സ്വമേധയാ ചെയ്യുന്നതാണെന്നാണു പാർട്ടിയുടെ വിശദീകരണമെങ്കിലും ഇത് തെറ്റാണെന്നാണ് പുറത്തുവരുന്ന വിവരങ്ങൾ വ്യക്തമാക്കുന്നത്. മാർച്ചിൽ തങ്ങളുടെ യത്നം ആരംഭിച്ചുവെന്നും ഇതുവരെ 1000 ചിത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നുമാണ് ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ ചുമതലയുള്ള കമ്യൂണിസ്റ്റ് നേതാവ് ക്വിയാൻ പറയുന്നത്.

യുഗാനിലെ ജനസംഖ്യയുടെ 10ശതമാനം ക്രൈസ്തവരാണ്. ഇവരിൽ ഭൂരിഭാഗവും നിർധനരാണ്. അതേസമയം ക്രൈസ്തവ പീഡനങ്ങൾക്ക് പേരുകേട്ട ചൈനയിൽ നിരവധിപേർ ദിനംപ്രതി ക്രൈസ്തവ വിശ്വാസത്തിലേയ്ക്കു കടന്നുവന്നുകൊണ്ടിരിക്കുകയാണെന്നാണ് വസ്തുത.

2030ൽ ചൈന ലോകത്തിലെ ഏറ്റവും വലിയ ക്രൈസ്തവ രാജ്യമായി മാറുമെന്നാണ് വിവിധ സംഘടനകൾ നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇതിലുള്ള ആശങ്കയാണ് ക്രൈസ്തവ മതപീഡനങ്ങൾ വർദ്ധിപ്പിക്കുവാൻ കമ്യൂണിസ്റ്റ് സർക്കാർ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിന് പിന്നിലുള്ള കാരണമായി വിലയിരുത്തപ്പെടുന്നത്.

ഫാമിലി കോർണർ

Dr. P.M. Chacko Palakunnel
Mob: 9746085144



# പഠനകാലത്തെ ചതിക്കുഴികൾ ജീവിതം തകർക്കുമ്പോൾ

റീന ഫാർമസി ബിരുദധാരിണിയാണ്. കേരളത്തിനു പുറത്ത് മൂന്ന് വൻ വ്യവസായികൾ ചേർന്നു നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനത്തിലേയ്ക്ക് അവളുടെ ചേച്ചിയുടെ ഭർത്താവിന്റെ ഒരു സുഹൃത്തിന്റെ നിർദ്ദേശപ്രകാരമാണ് അവൾ പഠിക്കാൻ പോയത്. ആദ്യമൊക്കെ ഒരു നല്ല സ്നേഹിതനായി പ്രവർത്തിച്ച സുഹൃത്ത് ക്രമേണ കാമുകരൂപം ധരിച്ചു. അയാളുടെ പ്രേരണ പ്രകാരം അവളും ചില കൂട്ടുകാരികളും മയക്കുമരുന്ന് ചെറിയതോതിൽ ഉപയോഗിച്ചുതുടങ്ങി. പിന്നീട് പല സായാഹ്നങ്ങളിലും അവർ റസ്റ്റോറന്റുകളിൽ ഒത്തുകൂടി. ഒരു ദിവസം കാമുകന്റെ ക്ഷണപ്രകാരം ഒരു സുഖവാസ കേന്ദ്രത്തിലേയ്ക്ക് രണ്ടുദിവസം താമസിക്കുവാനായി വീട്ടിൽ അറിയാതെ ടൂറിന് പോയി. അവിടെ ചെന്നപ്പോഴാണ് അവിടെ അവന്റെ ചില കൂട്ടുകാരും അവളെ കാത്തിരുപ്പുണ്ടായിരുന്നുവെന്ന് മനസിലായത്. അവർ അവളെ ദുരുപയോഗം ചെയ്യുകയും വീഡിയോ എടുത്ത് ചില മാധ്യമങ്ങളിലൂടെ അയയ്ക്കുകയും ചെയ്തു. ഇത് മാധ്യമങ്ങൾവഴി കണ്ട വിദ്യാഭ്യാസ സ്ഥാപന ഉടമ ഇവളെത്തേടി കോളജിലെത്തി. അയാൾ ഒരു ലൈംഗിക റായ്ക്കറ്റുമായി ബന്ധമുള്ള ആളായിരുന്നതിനാൽ ഇവളെ കടത്തിക്കൊണ്ടു പോകാനാണ് വന്നതെന്ന് രഹസ്യമായറിഞ്ഞ അവളുടെ ഒരു നല്ല സഹപാഠി അവന്റെ കാറിൽ ഹോസ്റ്റലിന്റെ പിന്നിലൂടെ അവളെ രക്ഷപെടുത്തി നാട്ടിലെത്തിച്ചു.

കുടുംബത്തിലെത്തിയ അവൾ സഹപാഠികളുടെ സഹായത്തോടെ പഠനം പൂർത്തിയാക്കി പരീക്ഷയെഴുതി ഡിഗ്രി കരസ്ഥമാക്കിയെന്നാണ് പറയുന്നത്. നാട്ടിൽ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലിയുമായി. ഈ സമയത്ത് വിവാഹപ്പരസ്യം കൊടുത്ത് ഒരു ചെറുപ്പക്കാരൻ എത്തുകയും അയാളുമായി അടുത്ത് ഇടപെടുകയും ചെയ്തു. അവൾ അവളുടെ മുഴുവൻ ചരിത്രവും അയാളെ പറഞ്ഞുകേൾപ്പിച്ചു. അതൊന്നും പ്രശ്നമല്ലെന്നും താൻ അവളെ സ്നേഹിക്കുന്നുവെന്നും വിവാഹം കഴിക്കാൻ തയ്യാറാണെന്നും അയാൾ മാതാപിതാക്കളെ അറിയിച്ചു. അവർ വിവാഹം നടത്തിക്കൊടുത്തു. വിവാഹത്തിനുശേഷം ഭർതൃവീട്ടിലെത്തി കുറച്ചുനാൾ സമാധാനത്തോടെ ജീവിച്ചു. പ്രശ്നങ്ങൾ സാവധാനം സൃഷ്ടിക്കപ്പെട്ടുതുടങ്ങി. വാഗ്വാദങ്ങളും ചെറിയതോതിൽ കയ്യേറ്റവും ആരംഭിച്ചു. വാക്കുതർക്കങ്ങളുടെ ഇടയിൽ അവളെ ഭർത്താവ് അഭിസാരിണിയെന്ന് വിളിച്ചപ്പോൾ അവൾ കലിതുള്ളി. സത്യമൊക്കെ തുറന്നുപറഞ്ഞപ്പോൾ അതൊന്നും സാരമില്ലെന്നു പറഞ്ഞ ഭർത്താവ് വാക്ക് മാറിയപ്പോൾ അവൾക്ക് സഹിക്കാൻ കഴിഞ്ഞില്ല. അവൾ ദേഷ്യംമൂത്ത് ഭർത്താവ് ചാർജ് ചെയ്തുകൊണ്ടിരുന്ന വിലകൂടിയ ഫോൺ ബലമായി പിടിച്ച്വാങ്ങി വലിച്ചെറിഞ്ഞ് പൊട്ടിച്ചുകളഞ്ഞു. അയാൾ രണ്ട് അടിയും കൊടുത്തു. ഉറക്കെ കരഞ്ഞുകൊണ്ട് പുറത്തേയ്ക്കോടിയ അവൾ വഴിയിലിറങ്ങി ഓട്ടോയിൽ കയറി സ്വന്തം വീട്ടിലേയ്ക്ക് പോയി. ഭർത്താവ് അവളുടെ വീട്ടിലേയ്ക്ക് വിളിച്ച് അമ്മയെ വളരെയധികം അസഭ്യം പറഞ്ഞു. അമ്മയ്ക്ക് വഴിവിട്ട ബന്ധങ്ങൾ ചില പുരുഷന്മാരുമായി ഉണ്ടെന്ന് അവൾ ഭർത്താവിനോട് പറഞ്ഞിരുന്നു. ആ കാര്യം അയാൾ ദേഷ്യംമൂത്തപ്പോൾ അവരെ വിളിച്ചുപറഞ്ഞു. അവർ തിരിച്ച് അവന്റെ അമ്മയെ വളരെ മോശക്കാരിയാണെന്ന് എല്ലാവർക്കും അറിയാമെന്ന് പറഞ്ഞ് വ്ഗ്വാദത്തിൽ ജയിക്കാൻ ശ്രമിച്ചു. അതറിഞ്ഞ അവന്റെ അമ്മയും പൊട്ടിത്തെറിച്ചു.

ഈയവസരത്തിലാണ് ഇരുകൂട്ടരും കൗൺസിലിംഗിനെത്തിയത്. പെൺകുട്ടിയുടെ മാതാപിതാക്കളെ കാണണമെന്നാവശ്യപ്പെട്ടപ്പോൾ പിതാവ് വളരെ നാളായി മറ്റൊരു സംസ്ഥാനത്ത് ബിസിനസ് നടത്തുകയാണെന്നും വളരെ ചുരുക്കമായേ വീട്ടിൽ വരാറുള്ളൂവെന്നും അമ്മ തനിച്ചാണ് മക്കളുടെകൂടെ താമസിച്ചിരുന്നതെന്നും മനസിലാ

യി. പിതാവിനെ ഫോണിൽ വിളിച്ച് നാട്ടിലേയ്ക്ക് വരുത്തി. അയാൾക്ക് അയാൾ താമസിക്കുന്ന സ്ഥലത്ത് ഭാര്യയും മക്കളുമുണ്ടെന്നാണ് മകളും അമ്മയും പറയുന്നത്. അയാളുമായി സംസാരിച്ചപ്പോൾ അതിൽ സത്യമുണ്ടെന്ന സംശയം എനിക്കുതോന്നി. അയാൾ അവിടെ സ്വന്തം ജാതി മറച്ചുവച്ച് മറ്റൊരു സമുദായക്കാരനായിട്ട് ജീവിക്കുന്നതെന്നും പേരുപോലും വേറെയാണ് ഉപയോഗിക്കുന്നതെന്നും അയാൾ പറഞ്ഞു. അതെന്തിനാണെന്നു ചോദിച്ചപ്പോൾ ആ സമുദായക്കാർ കൂടുതലുള്ള സ്ഥലമായതിനാൽ ബിസിനസ് കൂടുതൽ കിട്ടാനാണ് അങ്ങനെ ചെയ്തതെന്ന് അയാൾ ഉറപ്പിച്ചു പറഞ്ഞു. അത് അത്ര വിശ്വസനീയമായി തോന്നിയില്ല.

അന്യസ്ഥലങ്ങളിൽ കുട്ടികളെ അയയ്ക്കുമ്പോൾ പല കാര്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. ഇടയ്ക്കിടെ അവരുടെ വിവരങ്ങൾ തിരക്കാത്തത് വിപത്തുകൾക്ക് കാരണമാകും. കേരളത്തിലെ തന്നെ ഒരു പട്ടണത്തിൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സിനു പഠിച്ച പെൺകുട്ടി രണ്ട്വർഷം മുഴുവനും കാമുകനോടൊപ്പം ഒരു ഫ്ളാറ്റ് വാടകയ്ക്കെടുത്ത് താമസിച്ച വിവരം വിദ്യാസമ്പന്നരായ മാതാപിതാക്കൾ അറിഞ്ഞില്ല എന്ന വിവരം എന്നെ ഞെട്ടിച്ചു. പെൺകുട്ടി തുറന്നുപറഞ്ഞപ്പോഴാണ് ഞാനത് അറിഞ്ഞത്. ഹോസ്റ്റലിന്റെ സുരക്ഷിതത്വവും പെൺകുട്ടികളുടെ അവിടുത്തെ ബന്ധവും മറ്റു ഇടപാടുകളും ഇടയ്ക്കിടെ നിരീക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. അന്യസംസ്ഥാനങ്ങളിലെ സ്ഥാപന ഉടമകൾ പോലും ചതിക്കുഴികൾ ഒരുക്കുന്നവരാണെന്ന് മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് മാതാപിതാക്കൾ ശ്രദ്ധയുള്ളവരായിരിക്കണം.

എല്ലാം തുറന്നുപറയുന്നത് നല്ലതാണെന്ന് നാം പറയാറുണ്ട്. വിവാഹത്തിനു മുമ്പുള്ള ലൈംഗികബന്ധം തുറന്നുപറയുന്നത് ഉറപ്പായും അപകടത്തിൽ കലാശിക്കും. ജീവിതകാലം മുഴുവനും അത് വിനയായി നിലകൊള്ളും. വ്യഭിചാരം തെറ്റാണ്. അനുതപിച്ച് ദൈവത്തോട് ക്ഷമചോദിക്കുകയും ഇനി ആവർത്തിക്കുകയില്ലെന്ന് പ്രതിജ്ഞയെടുക്കുകയും വേണം. എന്നാൽ പങ്കാളിയോട് ഒരിക്കലും പറയരുത്. അത് പിന്നീട് പ്രശ്നങ്ങളുണ്ടാക്കും എന്ന കാര്യത്തിൽ സംശയമില്ല. ഈ സംഭവത്തിലെ പെൺകുട്ടി ആകസ്മികമായി പെട്ടുപോയി എന്ന് പറയാമെങ്കിലും അപകടത്തിൽപെടാതിരിക്കാനുള്ള വിവേകം അവൾക്കുണ്ടായിരുന്നില്ല എന്ന കാര്യമാണ് പ്രധാനം. ചതിക്കുഴികൾ തിരിച്ചറിയാനുള്ള വിവേകത്തോടെയാകണം കുട്ടികൾ വീടുവിട്ടുപോകുക. സഹായികളായി കൂടുന്നവരുടെ പശ്ചാത്തലം മനസിലാക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം.

മാതാപിതാക്കളുടെ ബന്ധങ്ങളിലുള്ള ശൈഥില്യവും അവരുടെ ലൈംഗികമൂല്യശോഷണവും പെൺകുട്ടിയെ ലൈംഗികതയെ ഒരു ആസ്വാദ്യഘടകമായി മാത്രം കാണുവാൻ പ്രേരിപ്പിച്ചു എന്നും വരാം. ലൈംഗിക വിശ്വസ്തത പാലിക്കപ്പെടാത്ത കുടുംബാന്തരീക്ഷത്തിൽ വളർന്ന് അവൾക്ക് അതൊരു വലിയ തെറ്റായി കാണുവാൻ കഴിഞ്ഞില്ല എന്നും വരാം. അതുകൊണ്ട് വഴിതെറ്റിപ്പോകുന്ന കുട്ടികളുടെ കുടുംബപശ്ചാത്തലം പലപ്പോഴും വഴിതെറ്റിയവയായി കാണാറുണ്ട്. മാതാപിതാക്കൾ ഉത്തമമാതൃകയായിരിക്കേണ്ടതിന്റെ ആവശ്യകത ഇവിടെ പ്രത്യേകം പറയേണ്ടതില്ല. പരസ്പരം പഴിചാരിക്കൊണ്ട് രക്ഷപെടാൻ ശ്രമിക്കുന്ന കുടുംബാംഗങ്ങൾ സ്വയം നന്നാവാൻ തയ്യാറായാൽ മാത്രമേ പ്രശ്നപരിഹാരത്തിനു വഴിതുറക്കുകയുള്ളൂ.

# നൈജീരിയയെ ഞെട്ടിച്ച് വീണ്ടും ബോംബുസ്ഫോടനം; പള്ളിക്കകത്തേയ്ക്കു കയറിയ ചാവേർ പ്രാർത്ഥന പകുതിസമയമായപ്പോൾ പൊട്ടിത്തെറിച്ചു



കാനോ: നൈജീരിയയിൽ മുസ്ലീം ആരാധനാലയത്തിലെ ചാവേറാക്രമണത്തിൽ അൻപതിലേറെ മരണം. ബൊക്കോ ഹറാം ഭീകരവാദികളുടെ പിടിയിൽ നിന്ന് 2014ൽ മോചിപ്പിച്ചെടുത്ത ആഡമാവയിലെ മുബിയിലാണ് ആക്രമണമുണ്ടായത്. നൈജീരിയയുടെ വടക്കുകിഴക്കൻ പ്രദേശത്ത് ഈ വർഷമുണ്ടായ ഏറ്റവുംവലിയ ഭീകരാക്രമണമാണ് മുബിയിലേത്. കഴിഞ്ഞ വർഷം ഡിസംബറിൽ രണ്ട് സ്കൂൾ കുട്ടികളെ ഉപയോഗിച്ച് ബൊക്കോ ഹറാം നടത്തിയ ആക്രമണത്തിൽ 56 പേർ കൊല്ലപ്പെട്ടിരുന്നു.

പ്രഭാതപ്രാർത്ഥനയ്ക്കിടെയാണ് ചാവേർ ആക്രമണമുണ്ടായത്. യുവാവായ ചാവേറാണ് ആക്രമണത്തിനു പിന്നിലെന്ന് പോലീസ് പറഞ്ഞു. ഇനിയും മരണസംഖ്യ കൂടാൻ സാധ്യതയുണ്ടെന്നും വ്യക്തമാക്കി. ആഡമാവയുടെ തലസ്ഥാന നഗരമായ യോലയിൽ നിന്ന് 200 കി.മീ.മാറിയാണ് മുബി. അക്രമത്തിനു പിന്നിൽ ബൊക്കോ ഹറാമാണെന്ന് സ്ഥിരീകരിച്ചിട്ടില്ല. എന്നാൽ ആക്രമത്തിന്റെ സ്വഭാവം വിരൽചൂണ്ടുന്നത് ഈ ഭീകരസംഘടനയിലേയ്ക്കു തന്നെയാണെന്നാണ് വിലയിരുത്തൽ.

പ്രാദേശിക സമയം രാവിലെ അഞ്ചരയോടെയാണ് മൂബിയിൽ ചാവേറാക്രമണമുണ്ടായത്. പള്ളിക്കകത്തേയ്ക്കു കയറിയ ചാവേർ പ്രാർത്ഥന പകുതിസമയമായപ്പോൾ പൊട്ടിത്തെറിക്കുകയായിരുന്നു. സ്ഫോടനത്തിൽ പള്ളിയുടെ മേൽക്കൂര പൂർണ്ണമായും തകർന്നു. മൃതദേഹങ്ങളിൽ പലതും ചിന്നിച്ചിതറിയ നിലയിലായിരുന്നു. നാൽപ്പതോളംപേർ സംഭവസ്ഥലത്തുവച്ചു തന്നെ മരിച്ചു. പള്ളിയിൽ ഏറെ തിരക്കുള്ള സമയത്തായിരുന്നു സ്ഫോടനവും. ഒരു വർഷത്തോളം ശാന്തമായിരുന്ന മേഖലയിൽ ഇത്തരമൊരു ആക്രമണം നടത് അധികൃതരേയും ഞെട്ടിച്ചിരിക്കുകയാണ്. 2009 മുതൽ ആരംഭിച്ച ബൊക്കോ ഹറാമിന്റെ വിവിധ ആക്രമണങ്ങളിൽ രാജ്യത്ത് ഇതുവരെ 20,000-ത്തോളം പേർ കൊല്ലപ്പെട്ടിട്ടുണ്ട്. 26 ലക്ഷത്തിലേറെപേർ ഭവനരഹിതരായി അഭയാർത്ഥി ക്യാമ്പുകളിലേയ്ക്കു മാറി. നൈജീരിയയുടെ വടക്കുകിഴക്കൻ മേഖലകൾ കീഴടക്കി മുന്നേറുന്നതിനിടെ 2014ൽ മുബിയിലും ബൊക്കോ ഹറാം അധികാരം പിടിച്ചെടുത്തിരുന്നു. സിറ്റി ഓഫ് ഇസ്ലാം എന്ന് മുബിയുടെ പേര് മാറ്റുകയും ചെയ്തു.

ഈ പ്രദേശം പിന്നീട് സൈന്യം പിടിച്ചെടുത്തു. പതിയെ സമാധാനം ഇവിടെ എത്തുകയും ചെയ്തു. അതിനിടെയാണ് ഏവരേയും ഞെട്ടിച്ച ആക്രമണം ഉണ്ടാകുന്നത്.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

80

# സഭ ആധുനിക ലോകത്തിൽ

മനുഷ്യന്റെ ഏറ്റം രഹസ്യമായ ഉള്ളറയും ദിവ്യസ്ഥാനവുമാണ് മനസാക്ഷി. അവിടെ തന്റെ അന്തരാളങ്ങളിൽ ആരുടെ സ്വരം പ്രതിധ്വനിക്കുന്നുവോ ആ ദൈവത്തോടുകൂടി അവൻ ഏകനാണ്. ദൈവസ്നേഹത്താലും പരസ്നേഹത്താലും പരിപൂരിതമായ ആ നിയമം അത്ഭുതാവഹമാംവിധം മനസാക്ഷിയിൽ വെളിപ്പെടുന്നു. മനസാക്ഷിയോട് വിശ്വസ്തരായി ക്രൈസ്തവർ സത്യാന്വേഷണത്തിൽ മറ്റു മനുഷ്യരോടു യോജിച്ചിരിക്കുന്നു. അതുപോലെതന്നെ വ്യക്തികളുടെ ജീവിതത്തിലും സാമൂഹികമായ ഇടപാടുകളിലുംനിന്ന് ഉയരുന്ന എല്ലാ ധാർമ്മിക പ്രശ്നങ്ങളുടെയും അവികലമായ പരിഹാരത്തിനായും അവർ ഒത്തൊരുമിക്കുകയാണ്. യഥാർത്ഥ മനസാക്ഷിയുടെ നേതൃത്വം എത്രയധികം സ്വീകരിക്കുമോ അത്രയധികം വ്യക്തികളും സമൂഹങ്ങളും അന്ധമായ തീരുമാനങ്ങൾ എടുക്കാതിരിക്കുകയും ധാർമ്മികത്വത്തിന്റെ വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളാൽ നയിക്കപ്പെടാൻ കുതികൊള്ളുകയും ചെയ്യും. സ്വന്തം വ്യക്തിമാഹാത്മ്യത്തിന് കോട്ടമൊന്നും തട്ടാതെതന്നെ മനസാക്ഷിക്ക് കീഴടക്കാനാവാത്ത അജ്ഞതമൂലം തെറ്റുപറ്റാവുന്നതാണ്. സത്യത്തേയും നന്മയേയും അന്വേഷിക്കുന്നതിൽ അശ്രദ്ധനായ ഒരു മനുഷ്യനെക്കുറിച്ചോ ഇടവിടാതെയുള്ള പാപത്തിന്റെ ഫലമായി കാഴ്ച കുറഞ്ഞു കുറഞ്ഞ് കാര്യത്തിൽ അന്ധമായ ഒരു മനസാക്ഷിയെപ്പറ്റിയോ ഇങ്ങനെ പറയാവുന്നതല്ല.

**സ്വാതന്ത്ര്യത്തിന്റെ ഔന്നത്യം**-സ്വതന്ത്രമായ അവസ്ഥയിൽ മാത്രമേ നന്മയിലേയ്ക്കു തന്നെത്തന്നെ തിരിക്കാൻ മനുഷ്യനു കഴിയുകയുള്ളൂ. നമ്മുടെ സമകാലീനർ ഈ സ്വാതന്ത്ര്യം വിലമതിക്കുകയും അതിനെ സോത്സാഹം പിന്തുടരുകയും ചെയ്യുന്നു. അതു ശരിയുമാണ്. എങ്കിലും ഇഷ്ടമുള്ളതെന്തും തിന്മയായിട്ടുള്ളതുപോലും ചെയ്യാനുള്ള ഒരനുവാദമെന്നപോലെ അതിനെ അനാശാസ്യമായി വളർത്തിയെടുക്കുന്നവരുണ്ട്. ശരിയായ സ്വാതന്ത്ര്യമോ എന്നാൽ മനുഷ്യനിലുള്ള ദൈവികച്ഛായയുടെ അന്യാദൃശ്യമായ ഒരടയാളമാണത്. കാരണം സ്വന്തം തീരുമാനങ്ങളുടെ നിയന്ത്രണത്തിൽ മനുഷ്യൻ വ്യാപരിക്കണമെന്നാണ് ദൈവേഷ്ടം. എങ്കിൽ മാത്രമേ തന്റെ സ്രഷ്ടാവിനെ സ്വമേധയാ തേടാനും അവിടുത്തോടുള്ള യോജിപ്പിലൂടെ കേവലവും പരമാനന്ദനിർഭരവുമായ പൂർണ്ണതയിലേയ്ക്കു സ്വതന്ത്രമായി വരാനും അവനു കഴിയുകയുള്ളൂ. അന്ധമായ തോന്നലുകൾക്കോ ബാഹ്യമായ



സമ്മർദ്ദങ്ങൾക്കോ കീഴ്പ്പെടാതെ സ്വയം പ്രേരിതവും ഉള്ളിൽനിന്നുതന്നെ പ്രചോദിതവുമായ അറിവോടുകൂടിയതും സ്വതന്ത്രവുമായ ഒരു തെരഞ്ഞെടുപ്പനുസരിച്ച് പ്രവർത്തിക്കാൻ മനുഷ്യന്റെ അന്തസ് ആവശ്യപ്പെടുന്നുണ്ട്. ദുരാശകളുടെ പിടിയിൽ നിന്നു വിമുക്തനായി സ്വമേധയാ നന്മയെ തെരഞ്ഞെടുക്കുന്നതിൽ തന്റെ ലക്ഷ്യത്തെ പിന്തുടരുകയും ഫലപ്രദവും ബുദ്ധിപൂർവ്വകവുമായ കർമ്മപരിപാടികളിലൂടെ അതിനനുഗുണമായ മാർഗ്ഗങ്ങൾ തനിക്കായി സമ്പാദിക്കുകയും ചെയ്യുമ്പോൾ മനുഷ്യൻ അവന്റെ മാഹാത്മ്യം നേടിയെടുക്കുകയാണ്. പാപംമൂലം മനുഷ്യസ്വാതന്ത്ര്യം ക്ഷയോന്മുഖമായതിനാൽ ദൈവപ്രസാദവരത്തിന്റെ സഹായം കൊണ്ടുമാത്രമേ അവിടുത്തോടുള്ള ബന്ധം അതിന്റെ പൂർണ്ണവികാസത്തിലേയ്ക്കു പ്രത്യാനയിക്കാൻ മനുഷ്യനു സാധിക്കുകയുള്ളൂ. തന്റെ ജീവിതകാലത്തു ചെയ്യുന്ന നന്മതിന്മകളെ സംബന്ധിച്ച് ഓരോ മനുഷ്യനും ദൈവന്യായാസനത്തിങ്കൽ കണക്കുബോധിപ്പിക്കേണ്ടിവരും.

**മരണത്തിന്റെ രഹസ്യം-** മരണത്തിന്റെ മുമ്പിലാണ് മാനുഷികാസ്തിത്വത്തിന്റെ സങ്കീർണ്ണപ്രശ്നം ഏറ്റവും രൂക്ഷമാകുന്നത്. വേദനയും വർദ്ധിച്ചുവരുന്ന ശരീരക്ഷയവുംമൂലം ക്ലേശിക്കുകമാത്രമല്ല അതിലുമുപരിയായി മനുഷ്യൻ ആ നിത്യവിരാമത്തിന്റെ ഭീതിയിൽ കഠോരയാതന അനുഭവിക്കുകയും ചെയ്യുന്നു. മനുഷ്യവ്യക്തിത്വത്തിന്റെ സമൂലവിനാശവും സമ്പൂർണ്ണ ശൂന്യതയും വെറുക്കുകയും പരിവർജ്ജിക്കുകയും ചെയ്യുമ്പോൾ മനുഷ്യൻ അവന്റെ ആന്തരികപ്രചോദനമനുസരിച്ച് ശരിയായ ഒരു തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. പദാർത്ഥമാത്രമായൊരവസ്ഥയിലേയ്ക്ക് താഴ്ത്തിക്കെട്ടാൻ സാധിക്കാത്ത സനാതനബീജം മനുഷ്യൻ ഉള്ളിൽ സംവഹിക്കുന്നതുമൂലം മരണവുമായി മല്പിടുത്തംതന്നെ നടത്തുകയാണ്. സാങ്കേതിക വിജ്ഞാനത്തിന്റെ സർവ്വപ്രയത്നങ്ങളും പരമാവധി ഉപകാരപ്രദമെങ്കിലും മനുഷ്യന്റെ ഉൽക്കണ്ഠയെ നശിപ്പിക്കാൻ അവയ്ക്കു കഴിവില്ല. കാരണം അവന്റെ അന്തരാളത്തിൽനിന്നു തുടച്ചുനീക്കാൻ... 

മരണത്തിന്റെ മുമ്പിൽ മനുഷ്യഭാവന നിഷ്പ്രഭമാണെങ്കിലും ദിവ്യാവിഷ്കരണത്താൽ സഭ പ്രചോദിതയായി പഠിപ്പിക്കുന്നുണ്ട്, മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ഭൗതികയാതനകൾക്ക് എത്തിപ്പിടിക്കാൻ പറ്റാത്ത പരമാനന്ദകരമായ ഒരു ഉദ്ദേശ്യത്തിനായിട്ടാണെന്ന്. പാപം ചെയ്തില്ലായിരുന്നെങ്കിൽ ശാരീരികമൃത്യുതന്നെ ഉണ്ടാകുമായിരുന്നില്ല. തന്നെയുമല്ല, സ്വന്തം ചെയ്തികളാൽ നാശഗർത്തത്തിലടിഞ്ഞ മനുഷ്യനെ അവന്റെ പൂർണ്ണതയിലേയ്ക്ക് സർവ്വശക്തനും കരുണാനിധിയുമായ രക്ഷകൻ കൈകൊടുത്തുയർത്തുമ്പോൾ മരണം കീഴടക്കപ്പെടും; ഇതാണ് ക്രൈസ്തവവിശ്വാസം.

(തുടരും)

# LAITY VOICE

## ക്രിസ്തുമസിന് വത്തിക്കാനിൽ ആക്രമണം നടത്തുമെന്ന് ഐഎസ്




വത്തിക്കാൻ സിറ്റി/പാരീസ്: ക്രിസ്തുമസിന് കേവലം ആഴ്ചകൾ മാത്രം ബാക്കിനിൽക്കെ വത്തിക്കാനിൽ ആക്രമണം നടത്തുമെന്ന ഭീഷണിയുമായി ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികൾ. ഇസ്ലാമിക് സ്റ്റേറ്റിന്റെ കീഴിലുള്ള ചാനലായ വാഫാ മീഡിയ ഫൗണ്ടേഷൻ പുറത്തുവിട്ട പോസ്റ്ററിലൂടെയാണ് ഭീഷണി മുഴക്കിയിരിക്കുന്നത്. ക്രിസ്തുമസ് ആഘോഷങ്ങൾക്കായി പതിനായിരക്കണക്കിന് ആളുകൾ ഒന്നിച്ചുകൂടുന്ന അവസരത്തിൽ വത്തിക്കാൻ ആക്രമിക്കുമെന്നാണ് പോസ്റ്ററിലെ ഭീഷണിയുടെ സാരാംശം. - ക്രിസ്തുമസ് രക്തം എന്ന തലക്കെട്ടോടെയാണ് പോസ്റ്റർ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. മുഖംമൂടി ധരിച്ച തീവ്രവാദി ഒരു ബിഎംഡബ്ല്യു കാറിൽ സെന്റ് പീറ്റേഴ്സ് ബസിലിക്കക്ക് നേർക്ക് പോകുന്ന ചിത്രമാണ് പോസ്റ്ററിൽ ഉള്ളത്. ഒരു റൈഫിളും പുറത്ത് തൂക്കാവുന്ന ബാഗും കാറിനുള്ളിൽ കാണാം. കാത്തിരിക്കൂ എന്ന് ചുവന്ന അക്ഷരത്തിൽ തലക്കെട്ടിനുതാഴെ എഴുതിയിട്ടുണ്ട്. റോം കീഴടക്കണമെന്നത് ഐഎസിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണെ റിപ്പോർട്ട് നേരത്തെ പുറത്തുവന്നിരുന്നു. കഴിഞ്ഞ ക്രിസ്തുമസ് കാലങ്ങളിലും വത്തിക്കാനുനേരെയും യൂറോപ്പിനുനേരെയും തീവ്രവാദികൾ ഇത്തരം ഭീഷണികൾ മുഴക്കിയിരുന്നു. കഴിഞ്ഞ വർഷം ഡിസംബർ 15ന് ബെർലിൻ ഫെസ്റ്റിവൽ മാർക്കറ്റിലേയ്ക്ക് കാർ ഓടിച്ചുകയറ്റിയ ഐഎസ് തീവ്രവാദി 12 പേരെ കൊലപ്പെടുത്തുകയും 56 പേരെ പരിക്കേൽപ്പിക്കുകയും ചെയ്തിരുന്നു. 2015ൽ കാലിഫോർണിയായിലും സമാനമായ ആക്രമണം നടന്നിരുന്നു. സാൻ ബെർണാഡിനോയിലെ ക്രിസ്തുമസ് പാർട്ടിക്കിടയിൽ അക്രമം നടത്തിയ റിസ്വാൻ ഫാറൂക്ക് എന്ന ഇസ്ലാമിക തീവ്രവാദി നിരവധി സാധാരണക്കാരെയാണ് കൊലപ്പെടുത്തിയത്. - അതേസമയം ക്രിസ്തുമസിനു മുമ്പായി പല യൂറോപ്യൻ രാജ്യങ്ങളും തങ്ങളുടെ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. റോമിനും ഫ്രാൻസീസ് പാപ്പായ്ക്കും എതിരെ ഭീഷണി മുഴക്കിക്കൊണ്ടുള്ള ഇസ്ലീമിക് സ്റ്റേറ്റ്സിന്റെ ഒരു വീഡിയോ കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ പുറത്തുവന്നിരുന്നു. ഏതുതരം ഭീകരാക്രമണവും ചെറുക്കാൻ സന്നദ്ധമാണെന്നും വത്തിക്കാനിൽ സ്വിസ് ഗാർഡിനെ വിന്യസിച്ചിരിക്കുന്നത് കാണാൻവേണ്ടി മാത്രമല്ലെന്നുമാണ് മാർപാപ്പായുടെ സുരക്ഷാചുമതലയുള്ള സ്വിസ്ഗാർഡ് മേധാവി ക്രിസ്റ്റോഫ് ഗ്രഫ് അന്ന് പ്രതികരിച്ചത്.

## മാർപാപ്പയ്ക്കു ലഭിച്ച ലംബോർഗിനി ഇറാക്കിലെ ക്രൈസ്തവരുടെ കണ്ണീരൊപ്പും



വത്തിക്കാൻ സിറ്റി: ലോകപ്രശസ്ത ഇറ്റാലിയൻ ആഡംബര സ്പോർട്സ്കാർ നിർമ്മാതാക്കളായ ലംബോർഗിനി തങ്ങളുടെ പുതുപുത്തൻ കാർ ഫ്രാൻസീസ് പാപ്പായ്ക്കു സമ്മാനിച്ചു. ഇക്കഴിഞ്ഞ നവംബർ 15ന് ബുധനാഴ്ചതോറുമുള്ള പൊതുക്കൂടിക്കാഴ്ച പരിപാടിക്കു തൊട്ടുമുമ്പാണ് ഇറ്റലിയിൽ ബൊളോഞ്ഞയ്ക്കടുത്ത് സാൻ ആഗതയിലുള്ള കാർ കമ്പനി മൂന്നുകോടിയോളം രൂപ വിലയുള്ള ലംബോർഗിനി ഹൂറക്കാൻ മോഡൽ കാർ മാർപാപ്പയ്ക്ക് സമ്മാനിച്ചത്. കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് മാനേജർ സ്റ്റേപനോ ദൊമിനിക്കാലിയും സംഘവുമാണ് പാപ്പയ്ക്ക് ആഡംബര കാറുമായി വത്തിക്കാനിൽ എത്തിയത്. - കാറിൽ തന്റെ ഒപ്പു പതിപ്പിച്ച പാപ്പ ഉടൻതന്നെ അത് വെഞ്ചിരിച്ചു. ആഡംബര കാർ ലേലത്തിൽ വെക്കാൻ തീരുമാനിച്ചതായി വത്തിക്കാൻ വ്യക്തമാക്കി. ഇതിൽനിന്നു കിട്ടുന്ന തുകയുടെ ഭൂരിഭാഗവും ഇറാക്കിലെ പീഡയനുഭവിക്കുന്ന ക്രൈസ്തവ സമൂഹങ്ങൾക്കുവേണ്ടി ചെലവഴിക്കുവാനാണ് തീരുമാനം. ലേലം ചെയ്യുന്നതിന് സോത്ത്ബെയ്സ് എന്ന കമ്പനിയെയാണ് നിയമിച്ചിരിക്കുന്നത്. 2014ൽ മാർപാപ്പയ്ക്കു സമ്മാനമായി ഹാർലി ഡേവിഡ്സ ബൈക്ക് ലഭിച്ചിരുന്നു. ഇതും ജീവകാരുണ്യപ്രവർത്തനങ്ങൾക്കു പണം സമാഹരിക്കാനായി ലേലത്തിൽ വിൽക്കുകയായിരുന്നു.

Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only
Shaiju Chacko-Mobile: 9562017841